بِسۡمِ اللهِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 8

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 14

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 ഏപ്രിൽ 6/ ഹി.ശം 1402 ശഹാദത്ത് 6/ ഹി:ഖ 1444 റമളാൻ 14

## അല്ലാഹുവിന്റെ വചനം

شَھۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡہِ الۡقُرۡاٰنُ

ھُدًی لِّلنَّاسِ وَبَیِّنٰتٍ مِّنَ الۡھُدٰی وَالۡفُرۡقَانِ ۚ

فَمَنۡ شَھِدَ مِنۡکُمُ الشَّھۡرَ فَلۡیَصُمۡہُ (بقرہ:186)

‘സമസ്ത മനുഷ്യർക്കും സന്മാർദായകവും മാർഗദർശനത്തിന്റേയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ.’(2:186)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ തിരുമൊഴികൾ

### മുഹമ്മദു നബി(സ)യുടെ സൽസ്വഭാവം

(26)ഹദ്റത്ത് സഅ്ദ് ബിൻ ഹിശാം വിവരിക്കുന്നു; ഞങ്ങൾ ഹദ്റത്ത് ആഇശ(റ)യുടെ സന്നിധിയിൽ ഹാജരായി. ഞാൻ പറഞ്ഞു: ഉമ്മുൽമുഅ്മിനീൻ! എനിക്ക് നബി(സ)തിരുമേനിയുടെ സൽസ്വഭാവത്തെ കുറിച്ച് എന്തെങ്കിലും പറഞ്ഞു തന്നാലും. അപ്പോൾ ഹദ്റത്ത് ആഇശ(റ) പറഞ്ഞു: ‘താങ്കൾ വിശുദ്ധ ഖുർആൻ ഓതാറില്ലേ? ഞാൻ പറഞ്ഞു: എന്തു കൊണ്ടില്ല? തീർച്ചയായും ഓതാറുണ്ട്. അപ്പോൾ ഹദ്റത്ത് ആഇശ(റ) പറഞ്ഞു: അല്ലാഹുവിന്റെ നബിയുടെ സൽസ്വഭാവം കൃത്യമായും വിശുദ്ധഖുർആൻ അനുസരിച്ചായിരുന്നു.(മുസ്ലിം കിതാബുസ്സ്വലാത്ത്, ബാബു ജാമിഉ സ്വലാത്തുല്ലയ്ൽ)

### സൽസ്വഭാവങ്ങളുടെ പൂർത്തീകരണം

(28)ഹദ്റത്ത് ഇമാം മാലിക്(റ)വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: ‘സൽസ്വഭാവങ്ങളുടെ സമ്പൂർത്തീകരണത്തിനുവേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്. അതായത് ഞാൻ നല്ലതും ഉന്നതവുമായ സൽസ്വഭാവങ്ങളുടെ സമ്പൂർത്തീകരണത്തിനുവേണ്ടി നിയമിതനായിരിക്കുന്നു. (മുഅത്വാ ഇമാം മാലിക് ബാബു ഫീ ഹുസ്നിൽഖ്)(മലിക് സയ്ഫുർറഹ്മാൻ സാഹിബിന്റെ രചനയായ ഹദീഖത്തുസ്സ്വാലിഹീനിൽനിന്ന്)

ജുമുഅ ഖുത്ബ 2023 മാർച്ച് 3
(സമ്പൂർണ തർജമ)

2022 ജർമനി ജൽസാ സാലാന സമാപന സമ്മേളനത്തിൽ അമീറുൽ മുഅ്മിനീന്റെ പ്രൗഢഗംഭീരമായ പ്രഭാഷണം

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## ദൈവിക സ്വിഫത്തുകളുടെ സാക്ഷാത്കാരമാണ് നബി(സ)
## അല്ലാഹു നബി(സ)തിരുമേനിയുടെ അസ്തിത്വത്തിൽ സൂറ ഫാത്തിഹായിലെ നാലു സ്വിഫത്തുകളുടെ അഥവാ സവിശേഷ ഗുണങ്ങളുടെ മാതൃക കാണിച്ചു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഞാൻ സൂറ ഫാത്തിഹായുടെ (ഇതിനെ ഉമ്മുൽകിതാബെന്നും മഥാനീ എന്നും പറയുന്നു. ഇത് വിശുദ്ധ ഖുർആനിന്റെ ഛായാചിത്രവും സംക്ഷിപ്തവുമാണ്) നാലു സ്വിഫത്തുകളിൽ, ആ നാലു മാതൃകകളും നബി(സ)തിരുമേനിയിൽ ഉണ്ടായിരുന്നുവെന്ന് കാണിക്കാൻ ആഗ്രഹിച്ചു. അല്ലാഹു നബി(സ)തിരുമേനിയുടെ അസ്തിത്വത്തിൽ ഈ നാലു സ്വിഫത്തുകളുടെ അഥവാ സവിശേഷഗുണങ്ങളുടെ മാതൃക കാണിച്ചു. അതായത് നബി(സ) തിരുമേനിയുടെ അസ്തിത്വത്തിന് തെളിവെന്ന നിലയിൽ ആ സ്വിഫത്തുകൾ മറുപടിയായിരുന്നു. അവിടത്തെ അസ്തിത്വത്തിൽ റുബൂബിയത്തിന്റെ അഥവാ പരിപാലനത്തിന്റെ തെളിവ് എങ്ങനെയാണ് നല്കിയത്. അതായത് മക്കയിലെ വിജനപ്രദേശങ്ങളിലെ തെമ്മാടികൾക്കും പത്തുവർഷംവരെ അത്ഭുതത്തോടെ ചുറ്റിക്കറങ്ങിയിരുന്നവർക്കും ഒരു വഴിയും പരസ്യമായി കാണാൻ കഴിഞ്ഞിരുന്നില്ല. അവരുടെ ശിക്ഷണത്തെ കുറിച്ചും ഇസ്ലാം മുഴുലോകത്തും വ്യാപിക്കുമെന്നും അതിൽ വിശ്വസിക്കുന്നവർ 90 കോടിവരെ എത്തുമെന്നും ആർക്കാണ് വിചാരമുണ്ടായിരുന്നത്? എന്നാൽ, ഇന്ന് നോക്കുക! മുസ്ലിമീങ്ങളില്ലാത്ത ജനവാസമുള്ള ഒരു രാജ്യവും ലോകത്തില്ല. പിന്നീട് അർറഹ്മാൻ എന്ന സ്വിഫത്ത് നോക്കുക! അതിന്റെ ഉദ്ദേശ്യം കർമങ്ങളൊന്നും കൂടാതെ വിജയങ്ങളുടേയും ആവശ്യങ്ങളുടേയും വസ്തുക്കൾ എത്തിക്കുക എന്നതാണ്. അവിടത്തെ ആഗമനത്തിനുമുമ്പേ തന്നെ സകല കഴിവുകളും ഉണ്ടാക്കിയ റഹ്മാനിയ്യത്ത് എങ്ങനെയുള്ളതായിരുന്നു. ഉമർ(റ) കുട്ടികളെപ്പോലെ കളിച്ചിരുന്നു. കാഫിറുകളുടെ വീട്ടിൽ പിറന്ന അബൂബക്റും(റ), അദ്ദേഹത്തെ പോലെതന്നെ മറ്റു ഒട്ടനവധി സ്വഹാബിമാരുമെല്ലാം അദ്ദേഹത്തോടൊപ്പമായി. അദ്ദേഹത്തിനുവേണ്ടി ദൈവകാരുണ്യം ആദ്യമെ തന്നെ അവരെ തയ്യാറാക്കി വെച്ചിരുന്നതുപോലെ! നമുക്ക് വിശദീകരിച്ച് പറയാൻ പറ്റാത്തത്ര റഹ്മാനിയ്യത്തിന്റെ കാര്യങ്ങളാണ് ഇസ്ലാമിനോടൊപ്പമുള്ളത്. റഹ്മാനിയ്യത്ത് തേടുന്നതാണ് ‘ഉമ്മിയ്യത്ത്’ അഥവാ അക്ഷരജ്ഞാനമില്ലായ്മ. നബി(സ)തിരുമേനിയെ കുറിച്ച് പറഞ്ഞു: **ഹുവല്ലദീ ബഅഥ ഫിൽ ഉമ്മിയ്യീന റസൂലൻ** (അൽജുമുഅ: 3)

(ശേഷം പേജ് 12ൽ)

## ഓരോ വ്യക്തിയുടേയും സമ്പത്തിൽ അഗതികൾക്കും യാത്രക്കാർക്കും അവകാശമുണ്ടെന്നാണ്. നിങ്ങൾ ഏതെങ്കിലും നാട്ടിൽ പോകുമ്പോൾ മൂന്നു ദിവസംവരെ നിങ്ങൾക്ക് ആതിഥ്യം അവകാശപ്പെട്ടതാണ്.

### ഈ കല്പന ലോകത്ത് നടപ്പിൽവരുത്തുകയാണെങ്കിൽ ഹോട്ടലുകളും സത്രങ്ങളും കാരണത്താലുണ്ടാകുന്ന ഒരുപാടു ദോഷങ്ങൾ ലോകത്തുനിന്ന് അകന്നു പോകുന്നതാണ്.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ബനീഇസ്റായീലിലെ 27-ാമത്തെ വചനമായ *വ ആത്തിദൽ ഖുർബാ ഹഖ്ഖഹൂ വൽമിസ്ക്കീന വബ്നസ്സബീലി വലാ തുബദ്ദിർ തബ്ദീറാ* (അർഥം: അടുത്ത ബന്ധുവിന് അവന്റെ അവകാശം നല്കുക; അഗതിക്കും യാത്രക്കാരനും (അവരുടെ അവകാശവും). ഒരു വിധത്തിലും ദുർവ്യയം ചെയ്യരുത്) എന്നതിനുള്ള വ്യാഖ്യാനത്തിൽ പറയുന്നു:

ഈ ആയത്തിൽ പറയപ്പെട്ടിരിക്കുന്നത് ഓരോ വ്യക്തിയുടേയും സമ്പത്തിൽ അഗതികൾക്കും യാത്രക്കാർക്കും അവകാശമുണ്ടെന്നാണ്. ബന്ധുക്കൾ മനുഷ്യൻ സമ്പാദിച്ചതിൽ പല രീതിയിലും സഹായത്തിന് നിമിത്തമാകാറുണ്ട്. അതുകൊണ്ട് അവന്റെ സമ്പത്തിൽ അവർക്കെല്ലാവർക്കും അവകാശമുണ്ടാകുന്നു. ഉദാഹരണത്തിന് മാതാപിതാക്കൾ ഒരു മകനെ പഠിപ്പിച്ചു. അവൻ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥാനത്തെത്തി. മറ്റുള്ള സഹോദരങ്ങൾ അറിവിൽ നിന്ന് പിന്തള്ളപ്പെട്ടു. അപ്പോൾ ആ ഉദ്യോഗസ്ഥനായ മകന്റെ സമ്പത്തിൽ മറ്റു സഹോദരങ്ങൾക്കും അവകാശമുണ്ട്. കാരണം ഏതൊരു രൂപ കൊണ്ടാണോ അവന് വിദ്യാഭ്യാസം നല്കപ്പെട്ടത് അതിൽ അവരുടെയെല്ലാം അവകാശമുണ്ട്.

അഗതികൾക്കും യാത്രക്കാരനും അല്ലാഹു അവകാശം നിശ്ചയിച്ചു. മറ്റൊരു സ്ഥലത്ത് തുറന്നു പറയുകയും ചെയ്തു. *വഫീ അംവാലിഹിം ഹഖ്ഖുൻല്ലിസ്സാഇലി വൽമഹ്റൂം*(51:20) മനുഷ്യന്റെ സമ്പത്തിൽ ചോദിക്കുന്നവർ തുടങ്ങിയവർക്കും അവകാശമുണ്ട്. അഗതികളെ അവകാശിയാക്കാനുള്ള ഒരു കാരണം ലോകത്ത് സമ്പന്നനും ദരിദ്രനും മാറുമറിഞ്ഞുകൊണ്ടിരിക്കുന്നു. ഇന്ന് ദരിദ്രനായിട്ടുള്ളവൻ ഏതോ കാലത്ത് സമ്പന്നനായിരുന്നു. ഇന്ന് സമ്പന്നനായിട്ടുള്ളവൻ ഏതോ കാലത്ത് ദരിദ്രനായിരുന്നു. അക്കാലത്തെ സമ്പന്നർ അവനോടു നല്ല നിലയിൽ പെരുമാറിയിരുന്നു. മുഴുലോകത്തേയും മൊത്തത്തിൽ നോക്കുകയാണെങ്കിൽ ആരുടേയും സമ്പത്ത് അവന്റെ മാത്രം സമ്പത്തല്ല. പ്രത്യുത അതിൽ മറ്റുള്ളവരുടെ അവകാശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ രണ്ടാമത്തെ കാരണം ലോകത്തിലെ സകല വസ്തുക്കളും അല്ലാഹു മനുഷ്യകുലത്തിനുവേണ്ടി ജമാഅത്ത് എന്ന നിലയിൽ സൃഷ്ടിച്ചു. അല്ലാതെ സയ്ദിനോ ബക്റിനോ വേണ്ടിയല്ല. അതുകൊണ്ട് സയ്ദ് അല്ലെങ്കിൽ ബക്ർ ഏതെങ്കിലും കാരണത്താൽ സമ്പന്നനായിട്ടുണ്ടെങ്കിൽ അതുമുഖേന അവന്റെ മറ്റാളുകളുടെ അവകാശം ഇല്ലാതാകുന്നില്ല. അവർ ലോകത്തിലെ വസ്തുക്കളുടെ ഉടമസ്ഥാവകാശത്തിൽ സയ്ദിന്റേയും ബക്റിന്റേയും ഒപ്പം തുല്യ അവകാശത്തിൽ പങ്കാളികളാണ്. പ്രത്യേമായ അധ്വാനത്തിന് സയ്ദിന്റെയും ബക്റിന്റെയും കൂടുതൽ അവകാശം ഇസ്ലാം അംഗീകരിക്കുന്നുവെന്നതിൽ സംശയമില്ല. പക്ഷേ അവരെ ഉടമസ്ഥൻ പങ്കാളിത്തമില്ലാതെ അന്യരായി

(ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**വിശുദ്ധ ഖുർആനിനെ പിന്തുടരുന്നതുകൊണ്ട് മനുഷ്യൻ അല്ലാഹുവിന്റെ സ്വിഫത്തുകളുടെ സാക്ഷാത്കാരമായിത്തീരുന്നു.**

ഏതൊരു ആഴത്തിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് വിശുദ്ധഖുർആനിന്റെ സ്ഥാനവും പ്രാധാന്യവും പറഞ്ഞു തന്നുവോ അതു തന്നെയാണ് നമ്മെ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനും ഖുർആനികാധ്യാപനങ്ങളനുസരിച്ച് കർമം ചെയ്യുന്നതിന്റെ ഉള്ളറിവും ബോധവും നല്കുന്നത്.

---

എന്റെ പക്കൽ ജീവസുറ്റതും പുതുപുത്തൻ ശക്തിപ്രഭാവങ്ങളുടെ ദൃശ്യത്താൽ ദൈവത്തെ കാണിക്കുന്നതുമായ മതമാണ് യഥാർഥമതം. ഇല്ലെങ്കിൽ മതം സത്യമാണെന്നുള്ള വെറും വാദം നിഷ്ഫലവും അടിസ്ഥാനരഹിതവുമാണ്.

നമ്മൾ വിശുദ്ധഖുർആനിനെ അംഗീകരിക്കുകയും എന്നിട്ട് പരിഷ്കരണമുണ്ടാകാതിരിക്കുകയുമാണെങ്കിൽ അതിൽ നമ്മുടെ വീഴ്ചയാണുള്ളത്. കാരണം അവിടന്ന് പറഞ്ഞതുപോലെ സമ്പൂർണമായ അനധാവനം അനിവാര്യമാണ്. പൂർണമായും അനുധാവനം ചെയ്യുന്നില്ലെങ്കിൽ പരിഷ്കരണം എങ്ങനെ ഉണ്ടാകാനാണ്. അതുകൊണ്ട് സമ്പൂർണമായി അനുധാവനം ചെയ്യുന്നവരാകാൻ നമ്മൾ പരിശ്രമിക്കേണ്ടതാണ്. അല്ലാഹു അതിന് തൗഫീഖ് നല്കുമാറാകട്ടെ.

---

യഥാർഥത്തിൽ ആത്മാവിന്റെ സംതൃപ്തിയ്ക്കും അതിന്റെ വയറുനിറയുന്നതിനും അതിന്റെ യഥാർഥമായ ആവശ്യം പൂർത്തിയാകുന്നതിനുള്ള വസ്തുക്കളും വിശുദ്ധ ഖുർആനിൽത്തന്നെയാണുള്ളത്. ഇന്ന് അഹ്മദികളായ നമ്മുടെ ജോലിയാണ് നമ്മൾ നമ്മുടെയുള്ളിൽ തഖ്വാ ഉണ്ടാക്കിക്കൊണ്ട് ആ അധ്യാപനത്തിന്റെ സവിഷശേഷഗുണങ്ങളെ സ്വന്തം വാക്കും പ്രവർത്തിയുംകൊണ്ട് ചെയ്തു കാണിക്കുക എന്നത്. വിശുദ്ധഖുർആനിൽ തന്നെയാണ് എല്ലാ തരത്തിലുള്ള രോഗങ്ങൾക്കും ചികിത്സയുള്ളതെന്നും അത് അയച്ചവൻ അല്ലാഹുവാണെന്നും അവൻ അത് ഉദ്ദേശ്യമാക്കിക്കൊണ്ട് പരിഷ്കരണത്തിന് അയച്ചതാണെന്നും ലോകത്തോടു പറയുക. അല്ലാഹു നമുക്ക് തഖ്വയിലൂടെ നടന്നുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദേശങ്ങളുടേയും രചനകളുടേയും വെളിച്ചത്തിൽ വിശുദ്ധ ഖുർആനിന്റെ പ്രത്യേകതകളും സ്ഥാനങ്ങളും പ്രാധാന്യവും.**

ശത്രുതാപരമായ അവസ്ഥകളുടെ പശ്ചാത്തലത്തിൽ ബംഗ്ലാദേശ്, പാക്കിസ്താൻ, ബുർക്കിനോ ഫാസോ അൽജീരിയ തുടങ്ങിയ രാജ്യങ്ങളിൽ വസിക്കുന്ന അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യാൻ ആഹ്വാനം.

---

*അല്ലാഹു അവരുടെ ദോഷപ്രവർത്തിയിൽനിന്നു അഹ്മദികളെ കാത്തുരക്ഷിക്കുകയും കുറ്റവാളികളെ പിടികൂടുകയും ചെയ്യുമാറാകട്ടെ. ഇനി അവരുടെ സന്മാർഗസ്വീകരണത്തിന് ദുആയും സംഭാവ്യമല്ല.* ***അല്ലാഹുമ്മ മസ്സിഖ്ഹും കുല്ല മുമസ്സഖിൻ വസഹ്ഹിഖ്ഹും തസ്ഹീഖാ*** *എന്ന പ്രാർഥന മാത്രമാണ് അവർക്കായി നാവിൽ നിന്നും ഹൃദയത്തിൽ നിന്നും പുറപ്പെടുന്നത്.*

**ഖുത്ബ ജുമുഅ ഖുത്ബ ജുമുഅ 2023 മാർച്ച് 3/1402 അമാൻ 3**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് പ്രദാനം ചെയ്ത ആദ്ധ്യാത്മിക ജ്ഞാനങ്ങളും തന്റെ ഗ്രന്ഥങ്ങളിലും മാർഗനിർദേശങ്ങളിലുമുള്ള ഈശ്വരീയജ്ഞാനങ്ങൾ മനസ്സിലാക്കാനും അതനുസരിച്ചു പ്രവർത്തിക്കാനും പറഞ്ഞതു സംബന്ധിച്ചും കഴിഞ്ഞ രണ്ടു ഖുത്ബകളിൽ ഞാൻ വിവരിച്ചിരുന്നു. വിശുദ്ധഖുർആൻ നമുക്ക് നൽകുന്ന ആദ്ധ്യാത്മിക ഖജനാവുകൾ യഥാർഥത്തിൽ നമ്മെ അല്ലാഹുവുമായി ബന്ധിപ്പിക്കുന്നതാണ്. അതുകൂടാതെ മറ്റൊരു മാർഗവും അല്ലാഹുവിനെ പ്രാപിക്കാനും അവന്റെ സാമീപ്യം കരസ്ഥമാക്കാനുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു കവിതയിൽ പറയുന്നു:

"ഖുർആൻ ഖുദാ നുമാ ഹെ ഖുദാ കലാമ് ഹെ ബെ ഉസ് കെ മഅ്രിഫത്ത് കാ ചമൻ നാതമാം"(നുസ്റത്തുൽഹഖ് ബറാഹീനെ അഹ്മദിയ്യ ഭാഗം 5, റൂഹാനീ ഖസാഇൻ, വാല്യം 21, പേജ് 12)

വിശുദ്ധ ഖുർആൻ അല്ലാഹുവിനെ കാണിക്കുന്നു. അല്ലാഹുവിന്റെ വചനമാകുന്നു. ഇതിന്റെ ആദ്ധ്യാത്മിക ജ്ഞാനം ഇല്ലാത്തിടത്തോളം ഈ പൂങ്കാവനം അപൂർണമാകുന്നു.

ഈ കാര്യമാണ് ഏത് സമയത്തും നമ്മൾ മുമ്പിൽ വെക്കേണ്ടത്. അല്ലാഹുവിന്റെ സാമീപ്യവും അവന്റെ തൃപ്തിയും ആഗ്രഹിക്കുന്നുവെങ്കിൽ, നമ്മൾ നമ്മുടെ ഇഹപരലോകങ്ങൾ നന്നാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ നമ്മൾ ഇക്കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്. എന്നാൽ, ഖുർആൻ മാത്രമാണ് അതിനുള്ള മാർഗമെന്നും മനസ്സിലാക്കേണ്ടതാണ്. മാത്രമല്ല അതിന്റെ ആദ്ധ്യാത്മിക ജ്ഞാനങ്ങൾ മനസ്സിലാക്കാൻ അല്ലാഹു അയക്കുകയും നിശ്ചയിക്കുകയും ചെയ്ത ഒരു മാർഗദർശിയുടെ അനിവാര്യതയുമുണ്ട്. അത് ഇക്കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ സേവകനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആകുന്നു.

അദ്ദേഹം വിശുദ്ധ ഖുർആനിന്റെ വിവിധ വശങ്ങളിലേക്ക് വളരെ ആഴത്തിൽ വെളിച്ചം വീശുകയും അതിന്റെ സൗന്ദര്യത്തെ ബോധ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതെ കുറിച്ച് കഴിഞ്ഞ രണ്ടു ഖുത്ബകളിൽ ഞാൻ വിവരിച്ചതാണ്. അദ്ദേഹം വിവരിച്ച വൈജ്ഞാനിക ഖജനാവിന്റെയും വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നതിന്റെയും ഈ ശൃംഖല ഇവിടെ അവസാനിക്കുന്നില്ല. പ്രത്യുത ഇനിയും ഒരുപാട് വിഷയങ്ങൾ ഇതു സംബന്ധമായി വിവരിക്കുന്നതാണ്. എന്നും ഈ വിഷയത്തെ തുടര് ന്നുകൊണ്ടുപോകുന്നതാണ്. വിശുദ്ധ ഖുർആനിന്റെ പ്രത്യേകതകളേയും സ്ഥാനത്തേയും മാഹാത്മ്യത്തേയും സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങളുടെയും ലിഖിതങ്ങളുടെയും വെളിച്ചത്തിൽ വിവരിക്കുന്നതായിരിക്കും. എത്രമാത്രം ആഴത്തിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് വിശുദ്ധഖുർആനിന്റെ സ്ഥാനവും പ്രാധാന്യവും പറഞ്ഞുതന്നുവോ അതുതന്നെയാണ് നമ്മെ അല്ലാഹുവിന്റെസാമീപ്യം കരസ്ഥമാക്കുന്നതിനും ഖുർആനികാധ്യാപനങ്ങളനുസരിച്ച് കർമം ചെയ്യുന്നതിനുമുള്ള ഉള്ളറിവും ബോധവും നല്കുന്നത്.

ആയതിനാൽ വളരെ ശ്രദ്ധാപൂർവ്വം നമ്മൾ ഇക്കാര്യങ്ങൾ കേൾക്കാനും മനസ്സിലാക്കാനും ശ്രമിക്കേണ്ടതാണ്. അങ്ങനെ നമ്മുടെ ജീവിതോദ്ദേശ്യം നമ്മൾ കരസ്ഥമാക്കുന്നവരായി മാറണം.

വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ വചനങ്ങൾ ആകുന്നു എന്നതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ലാല ഭീംസീന് അയച്ച ഒരു കത്തിൽ എഴുതുന്നു: കുറച്ചു ദിവസങ്ങളായി ലേഖ്റാം എന്ന് പേരുള്ള ഒരു ബ്രാഹ്മണൻ, അയാൾ ആര്യനുമാണ്, ഖാദിയാനിൽ എന്റെ അടുത്ത് വന്നിരുന്നു. എന്നിട്ട് പറഞ്ഞു: 'വേദങ്ങൾ ദൈവവചനമാകുന്നു. വിശുദ്ധഖുർആൻ ദൈവത്തിന്റെ വചനമല്ല.' ഞാൻ അയാളോടു പറഞ്ഞു: താങ്കൾ വേദങ്ങൾ ദൈവവചനമാണെന്നു പറയുന്നു. എന്നാൽ, ഞാൻ അതിനെ അതിന്റെ ഇതേ അവസ്ഥയിൽ ദൈവിക വചനമാണെന്നു മനസ്സിലാക്കുന്നില്ല. കാരണം അതിൽ

അന്യാരാധനയുടെ അധ്യാപനങ്ങളുണ്ട്. ശിർക്കിന്റെ അധ്യാപനങ്ങൾ എങ്ങനെയാണ് ദൈവവചനങ്ങളാകുക! അതുകൂടാതെ മറ്റു പല അവിശുദ്ധ അധ്യാപനങ്ങളും അതിലുണ്ട്. എന്നാൽ, ഞാൻ വിശുദ്ധ ഖുർആനിനെ അല്ലാഹുവിന്റെ വചനമായി മനസ്സിലാക്കുന്നു. കാരണം അതിൽ ശിർക്കിന്റെ അധ്യാപനങ്ങളോ അവിശുദ്ധ അധ്യാപനങ്ങളോ ഒന്നുമില്ല. അതിനെ പിന്തുടരുന്നതുമൂലം ജീവൽ ദൈവത്തിന്റെ മുഖം കാണപ്പെടുന്നു. അത്ഭുത ദൃഷ്ടാന്തങ്ങൾ വെളിപ്പെടുന്നു."(മക്തൂബാത്തെ അഹ്മദ്, വാല്യം 1, പേജ് 90)

ചുരുക്കത്തിൽ ദൈവവചനങ്ങൾ ആകുന്നതിന്റെ നിബന്ധന അത് ശിർക്കിൽനിന്ന് മുക്തവും അതനുസരിച്ച് പ്രവർത്തിക്കുമ്പോൾ ദൈവത്തെ കാണിക്കുകയും ചെയ്യണം എന്നതാണ്.

വിശുദ്ധ ഖുർആൻ എങ്ങനെയാണ് അല്ലാഹുവിനെ നമുക്കു കാണിച്ചുതരുന്നത്. അത് നമുക്ക് സ്വഹാബാക്കളുടെ ജീവിതത്തിൽ കാണാൻ കഴിയുന്നുണ്ട്. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ സ്വഹാബാക്കളിൽ ചെലുത്തിയ സ്വാധീനത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നബി (സ)തിരുമേനിയുടെ കാലഘട്ടം അത് ഇസ്ലാമിന്റെ പ്രാരംഭഘട്ടമായിരുന്നു. അക്കാലത്തെ കുറിച്ച് വളരെ വിശാലമായി നോക്കുകയാണെങ്കിൽ നബി(സ) തിരുമേനിയുടെ അധ്യാപനങ്ങൾ എന്തുകൊണ്ടാണ് വിശ്വാസികളെ മേൽപറഞ്ഞ അവസ്ഥയിൽ ഉന്നതമായ തലത്തിലെത്തിച്ചതെന്ന് വ്യക്തമാകുന്നതാണ്. കാരണം വിശ്വാസികളായവരിൽ അധികംപേരും തങ്ങളുടെ ആരംഭഘട്ടത്തിൽ കാട്ടാളന്മാരെക്കാൾ ദുഷിച്ചവരായിരുന്നു. അവരുടെ ജീവിതം ക്രൂരന്മാരെ പോലെയായിരുന്നു. അവർ മ്ലേച്ഛമായ കർമങ്ങളിലും ദുസ്സ്വഭാവങ്ങളിലും അകപ്പെട്ടിരുന്നു. മനുഷ്യത്വത്തിൽനിന്ന് തികച്ചും അവർ പുറന്തള്ളപ്പെട്ടിരുന്നു. തങ്ങൾ ദുഷകർമകാരികളാണെന്ന ബോധം പോലും അവർക്കുണ്ടായിരുന്നില്ല. അതായത് നന്മയും തിന്മയും തിരിച്ചറിയാൻ കഴിയാത്തവരായിരുന്നു. ചുരുക്കത്തിൽ ഖുർആനിക അധ്യാപനങ്ങളും നബി(സ)തിരുമേനിയുടെ സഹവാസവും അവരിലുണ്ടാക്കിയ ആദ്യത്തെ പ്രഭാവമെന്തെന്നാൽ, തങ്ങൾ പരിശുദ്ധിയുടെ വസ്ത്രത്തിൽനിന്ന് തികച്ചും നഗ്നരാണെന്നും ദുഷ്കർമങ്ങളുടെ മാലിന്യത്തിൽ അകപ്പെട്ടിരിക്കുന്നുവെന്നും അവർക്കുതോന്നി. അല്ലാഹു അവരുടെ ആദ്യാവസ്ഥയെ കുറിച്ച് പറയുന്നു: *ഉലാഇക്ക കൽഅൻആമി ബൽ ഹും അളല്ലു*(7:180). അതായത് അവർ കന്നുകാലികൾക്ക് തുല്യരാണ്. എന്നല്ല അവർ അവയെക്കാളും വഴിപിഴച്ചവരാകുന്നു. പിന്നീട് നബി(സ)തിരുമേനിയുടെ പരിശുദ്ധ സഹവാസവും വിശുദ്ധ ഖുർആനിന്റെ ആകർഷണീയമായ പ്രഭാവവും നിമിത്തം തങ്ങൾ കഴിച്ചുകൂട്ടിയിരുന്ന ജീവിതം മൃഗീയമായ ജീവിതമായിരുന്നുവെന്നും അത് തികച്ചും ദുഷ്കർമങ്ങളിൽ അകപ്പെട്ടതായിരുന്നുവെന്നും അവർക്ക് ബോധമുണ്ടായി. അപ്പോൾ അവർ പരിശുദ്ധാത്മാവിനാൽ ശക്തി പ്രാപിച്ച് സൽക്കർമങ്ങളിൽ നീങ്ങാൻ തുടങ്ങി. അല്ലാഹു അവരെ കുറിച്ച് പറയുന്നു. *വ അയ്യദഹും ബി റൂഹിൻമ്മിൻഹു.* അതായത് അല്ലാഹു തന്റെ പക്കൽനിന്നുള്ള വചനംകൊണ്ട് അവരെ പ്രബലപ്പെടുത്തി.(58:23). ഈ അദൃശ്യശക്തി തന്നെയാണ് വിശ്വാസം വരിച്ചതിനും നല്ലപോലെ സഹനം കൈക്കൊണ്ടതിനുംശേഷം മനുഷ്യന് ലഭിക്കുന്നത്. അവർ ഈ ശക്തി കരസ്ഥമാക്കിയതിനുശേഷം ആ തലത്തിൽ മാത്രം ഒതുങ്ങിനിന്നില്ല. അതായത് തങ്ങളുടെ ന്യൂനതകളും തിന്മകളും മനസ്സിലാക്കുക മാത്രമല്ല ചെയ്തത്. അതിന്റെ ദുർഗന്ധത്തെ സംബന്ധിച്ച് ബോധവാന്മാരുമായി. മാത്രമല്ല നന്മയിൽ ഒരുപാടു മുന്നേറി. യോഗ്യതയുടെ പൂർണതയിലേക്ക് പകുതിയോളം സഞ്ചരിച്ചു. ദൗർബല്യങ്ങൾക്കെതിരിൽ നന്മകൾ ചെയ്യുതിനുള്ള ശക്തി സംഭരിക്കുകയും ചെയ്തു. ദൗർബല്യങ്ങൾ അകറ്റുക മാത്രമല്ല നന്മകളിൽ പദമൂന്നുകയും ചെയ്തു. ഇങ്ങനെയാണ് അവർക്ക് ആ പകുതി അവസ്ഥയും കരസ്ഥമായത്. പിന്നെ അവർ പരിശുദ്ധാത്മാവിന്റെ സഹായത്താൽ സമ്പൂർണരായിക്കൊണ്ട് അതായത് സൽകർമങ്ങൾ മുഖേന ശയ്ത്വാനുമേൽ ആധിപത്യം നേടുന്നതിന് അത്യധ്വാനം ചെയ്യാൻ തുടങ്ങി. അങ്ങനെ അവർ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിന് ചെയ്ത അത്യധ്വാനങ്ങളെക്കാളും മികച്ചതായി മറ്റൊന്നും തന്നെ ഒരാൾക്കും ചിന്തിക്കാൻ സാധ്യമല്ല. അവർ ദൈവിക മാർഗത്തിൽ തങ്ങളുടെ ജീവന് ചപ്പുചവറുകളുടെ വിലപോലും നൽകിയില്ല. അങ്ങനെ അവർ സ്വീകരിക്കപ്പെട്ടവരായിത്തീർന്നു. അല്ലാഹു അവരുടെ ഹൃദയങ്ങളെ തിന്മകളിൽ നിന്നും തികച്ചും മുക്തമാക്കി. നന്മയോടുള്ള സ്നേഹം അതിലുണ്ടാക്കുകയും ചെയ്തു."(ചശ്മയെ മഅ്രിഫ, റൂഹാനീ ഖസാഇൻ വാല്യം 23, പേജ് 424–425)

ചുരുക്കത്തിൽ വിശുദ്ധ ഖുർആൻ അവർക്കുമേൽ ചെലുത്തിയ സ്വാധീനമെന്തെന്നാൽ, അവർ ഭൂമിയിൽ നിന്നുയർന്ന് ആകാശത്തിലെ മിന്നിത്തിളങ്ങുന്ന താരകങ്ങളായിത്തീർന്നു. അവരെക്കുറിച്ച് നബി(സ)തിരുമേനി പറയുന്നു: അവരിലോരോരുത്തരും നിങ്ങൾക്ക് വഴികാട്ടിയാണ്. (അൽമിശ്ക്കാത്തുൽ മസ്വാബീഹ്, വാല്യം 3, പേജ് 1696, കിതാബുൽ മനാഖിബ്, ഹദീഥ് 6009, പ്രസാധനം മക്തബുൽ ഇസ്ലാമി ബെയ്റൂത്ത് 1979)

വിശുദ്ധ ഖുർആനിനെ പിന്തുടരുന്നതുകൊണ്ട് മനുഷ്യൻ ദൈവിക സ്വിഫത്തുകളുടെ സാക്ഷാത്കാരമായിത്തീരുന്നു."

ഇതേ കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധ ഖുർആനിന്റെ അനുയായി ആയിക്കൊണ്ട് സ്നേഹത്തിലും സത്യത്തിലും അത്യുന്നതി പ്രാപിക്കുമ്പോൾ ഒരു വ്യക്തി പ്രതിച്ഛായ എന്നോണം ദൈവിക സ്വിഫത്തുകളുടെ പ്രതിരൂപമായിത്തീരുന്നു. പിന്തുടരുക മാത്രമല്ല നിബന്ധന. പ്രത്യുത അതിനോടുള്ള സ്നേഹവും സത്യസന്ധതയും പാരമ്യത്തിലെത്തിക്കുകയും വേണം. അതായത് അവന്റെ കല്പനകളെ പൂർണമായും പ്രാവർത്തികമാക്കുമ്പോൾ അത്തരമൊരാൾ ദൈവിക സ്വിഫത്തുകളുടെ പ്രതിരൂപമായി മാറുന്നു. വീണ്ടും പറയുന്നു: ഈ എല്ലാ പരിണിത ഫലങ്ങളും അല്ലാഹുവിന്റെ കലാമായ വിശുദ്ധ ഖുർആനിന്റെ അത്യുഗ്രൻ ശക്തിയും പ്രത്യേകതയും മുഖേനയാണെന്ന് നാം കാണുന്നു. പ്രസ്തുത വൻശക്തിയും പ്രത്യേകതയും മറ്റൊരു ഗ്രന്ഥത്തിലുമില്ല; ഏതെങ്കിലും സമുദായത്തിന്റെ വീക്ഷണത്തിൽ വെളിപാട് ഗ്രന്ഥമാണെന്ന് മനസ്സിലാക്കപ്പെടുന്നവയാണെങ്കിലും ശരി. അതിനുള്ള കാരണം ഒരു നീണ്ട കാലഘട്ടത്തിനുശേഷം അതിൽ കൈകടത്തലുകൾ ഉണ്ടായി എന്നതാണ്. അതല്ലെങ്കിൽ വാക്കുകൾ മാറ്റിമറിക്കപ്പെട്ടില്ലെങ്കിലും അതിന്റെ അർഥങ്ങളിൽ മാറ്റങ്ങൾ വന്നതായിരിക്കാം. അതുമല്ലെങ്കിൽ അല്ലാഹു ഈ അവസാനകാലത്ത് ഭിന്നതകൾ ഇല്ലാതാക്കുന്നതിന് ലോകത്തുള്ള സകല ജനതകളെയും ഒരു ഗ്രന്ഥത്തിൽ ഒരുമിച്ചു കൂട്ടുന്നതിന് മുൻകാല ഗ്രന്ഥങ്ങളുടെ അനുഗ്രഹങ്ങൾ മരവിപ്പിച്ചതുമാകാം. അതല്ലാതെ വിശുദ്ധ ഖുർആനിനേയും നബി(സ)തിരുമേനിയേയും സത്യസന്ധമായി പിൻപറ്റുമ്പോൾ അല്ലാഹുവിന്റെ വലിയ്യുമാരുടെ ഗണത്തിൽ ഉൾപ്പെടാൻ കഴിയുതിന് മറ്റെന്ത് കാരണമാണുള്ളത്. സത്യസന്ധമായി പിന്തുടരുമ്പോൾ ഒരാൾ അല്ലാഹുവിന്റെ വലിയ്യുമാരുടെ ഗണത്തിൽ പ്രവേശിക്കുന്നതാണ്. മറ്റു ഗ്രന്ഥങ്ങളിൽ ഈ പ്രത്യേകതയില്ല. ഈ കാരണംകൊണ്ടുതന്നെ പ്രസ്തുത ഗ്രന്ഥങ്ങളെ പിന്തുടരുന്നവർ ദൈവിക തികവുകളെ നിരാകരിക്കുന്നവരായിത്തീർന്നു. അതാകട്ടെ ഒരാൾക്ക് സാമീപ്യത്തിന്റെ അവസ്ഥയിലാണ് ലഭ്യമാകുന്നത്. അതു കിട്ടാതെ വന്നപ്പോൾ ആ അത്ഭുതങ്ങളെയും അഭൗമിക ദൃഷ്ടാന്തങ്ങളെയും പരിഹസിക്കാൻ തുടങ്ങി. മുഅ്ജിസത്തുകൾ അംഗീകരിക്കുന്നില്ല. എന്നുമാത്രമല്ല അവയെ പരിഹസിക്കുകയും ചെയ്യുന്നു. ഈ കാരണംകൊണ്ടുതന്നെ അല്ലാഹുവിൽനിന്ന് ദൂരത്താകുകയും മതത്തിൽനിന്ന് അകലുകയും ചെയ്തു. വീണ്ടും പറയുന്നു: നാം അതിനെ പരിഹാസ്യമായി കാണുന്നില്ല. ആരെയും നമ്മൾ പരിഹസിക്കുന്നുമില്ല. അതേസമയം അവർ അതിൽ നിന്നു ഒഴിഞ്ഞു പോകുന്നതിൽ നമുക്ക് വിഷമമുണ്ടാകുന്നു.

നമ്മുടെ ഉള്ളിൽ അവരോട് സഹാനുഭൂതിയാണുള്ളത്. അതായത് അല്ലാഹുവിൽനിന്ന് ദൂരപ്പെടുകയും അവന്റെ സ്വിഫത്തുകൾ മറക്കുകയും കാലഘട്ടത്തിന്റെ പ്രകാശത്തിന് തങ്ങളുടെ തെറ്റായ വീക്ഷണങ്ങളുടെ പേരുകൾ നൽകി വീണ്ടും മൃഗീയമായ കർമങ്ങൾ ചെയ്തു തുടങ്ങുകയും ചെയ്യുന്നു. ഇതൊക്കെയാണ് നമുക്ക് ഇന്ന് ഭൗതിക വാദികളിൽ കാണാൻ കഴിയുന്നത്.

അദ്ദേഹം ഈ വിഷയം തുടർന്നുകൊണ്ട് പറയുന്നു: 'ഞാൻ ഈ സ്ഥലത്ത് പഴങ്കഥകളല്ല വിവരിക്കുന്നത്. പ്രത്യുത എനിക്ക് നേരിട്ടറിയാവുന്ന കാര്യങ്ങളാണവ. ഞാൻ വിശുദ്ധ ഖുർആനിൽ ഒരു ഉഗ്രൻ ശക്തി കാണുന്നു. ഞാൻ നബി(സ)തിരുമേനിയെ പിന്തുടരുന്നതിൽ ഒരു അത്ഭുതകരമായ പ്രത്യേകത ദർശിക്കുന്നു. മറ്റൊരു മതത്തിലും പ്രസ്തുത പ്രത്യേകതയും ശക്തിയുമില്ലതന്നെ. അതായത് ഇതിനെ പിന്തുടരുന്ന ആൾ വിലായത്ത് അഥവാ ദൈവ സൗഹൃദത്തിന്റെ തലത്തിലേക്ക് എത്തുന്നു. അല്ലാഹു കേവലം വാക്കുകൾകൊണ്ട് അവനെ അനുഗ്രഹിക്കുക അല്ല ചെയ്യുന്നത്. മറിച്ച് തന്റെ കർമങ്ങൾ മുഖേന താൻ തന്നെയാണ് ആകാശഭൂമികൾ സൃഷ്ടിച്ച ദൈവമെന്ന് അവനു കാണിച്ചു കൊടുക്കുകയാണ്. അപ്പോൾ അവന്റെ ഈമാൻ ഉന്നതിയിലുള്ള വിദൂരങ്ങളിലെ നക്ഷത്രങ്ങളുടെയും അപ്പുറത്ത് എത്തുന്നു. ഞാൻ ഇക്കാര്യത്തിൽ അനുഭവസ്ഥനാണ്. അല്ലാഹു എന്നോടു സംവദിക്കുന്നു. ഒരു ലക്ഷത്തിലധികം ദൃഷ്ടാന്തങ്ങൾ എന്റെ കൈകളിലൂടെ അവൻ കാണിച്ചു. ഞാൻ ലോകത്തിലെ സകല പ്രവാചകന്മാരെയും ബഹുമാനിക്കുകയും സകല ഗ്രന്ഥങ്ങളെയും ആദരിക്കുകയും ചെയ്യുന്നു. പക്ഷേ, ജീവൽ മതമായ ഇസ്ലാമിനെ മാത്രമാണ് അംഗീകരിക്കുന്നത്. കാരണം അതുമുഖേന അല്ലാഹു എന്നിൽ വെളിപ്പെട്ടിരിക്കുന്നു.

വീണ്ടും പറയുന്നു: 'എന്റെ വാക്കുകളിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഇക്കാര്യങ്ങളിൽ അന്വേഷണത്തിന് അയാൾ എന്റെയടുക്കൽ വന്നു രണ്ടുമാസം താമസിക്കട്ടെ. ആ കാലയളവിൽ അയാൾക്കാവശ്യമുള്ള എല്ലാ ചെലവുകളും ഞാൻ വഹിക്കുന്നതാണ്.' അവിടന്ന് പറയുന്നു: 'എന്റെ വീക്ഷണത്തിൽ ജീവനുള്ള

മതം ജീവസ്സുറ്റതും പുതുമയാർന്നതുമായ ശക്തിപ്രഭാവങ്ങളാൽ ദൈവത്തെ കാണിക്കുന്നതായിരിക്കണം. വാദങ്ങൾകൊണ്ടുമാത്രം നിലനില്ക്കുന്ന മതം വ്യർഥവും തെളിവില്ലാത്തതുമാകുന്നു.' (ചശ്മയെ മഅ്രിഫ, റൂഹാനീ ഖസാഇൻ, വാല്യം 23, പേജ് 427–428)

ആ മഹാത്മാവിന്റെ ആഹ്വാനത്തിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കേണ്ടിയിരുന്നവർ ആരാണോ അവർ അനുഗ്രഹം കരസ്ഥമാക്കുകയും വിജയിക്കുകയും ചെയ്തു. ആ മഹാത്മാവിന്റെ അടുത്ത് താമസിക്കുകയും അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു.

ഇന്നും അദ്ദേഹത്തിന്റെ വൈജ്ഞാനിക ഭണ്ഡാരം നിരവധി ആളുകളെ ദൈവോന്മുഖരാക്കുന്നു. അതുകൊണ്ട് അന്യരായ ആളുകൾക്ക് മനസ്സിലാക്കികൊടുക്കുന്നതോടൊപ്പം നമ്മൾ സ്വയവും അദ്ദേഹത്തിന്റെ ജ്ഞാനശേഖരത്തിൽ നിന്ന് പ്രയോജനമെടുക്കാൻ ശ്രമിക്കേണ്ടതാണ്. അപ്പോഴാണ് നമ്മുടെ ബയ്അത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുന്നത്.

വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതകൾ വിവരിച്ചുകൊണ്ട് വാഗ്ദത്ത മഹ്ദീ മസീഹ്(അ) പറയുന്നു. വിശുദ്ധ ഖുർആനിൽ നാലു പ്രത്യേക ശ്രേഷ്ഠതകളുണ്ട്. അതിന്റെ വിശദീകരണത്തിൽ പറയുന്നു: (1)വിശുദ്ധ ഖുർആനിന്റെ അത്ഭുതകരമായ ശ്രേഷ്ഠതകളിലൊന്ന് അതിന്റെ സാഹിത്യചാതുരിയാകുന്നു. അത് മനുഷ്യന്റെ സാഹിത്യപാടവത്തെക്കാൾ തികച്ചും അതീതവും വ്യത്യസ്തവുമാണ്. കാരണം മനുഷ്യന്റെ സാഹിത്യപാടവം വളരെ കുടുസ്സായതാകുന്നു. ഏതുവരെ വചനങ്ങളിൽ അതിശയോക്തിയും കളവും അനാവശ്യകാര്യങ്ങളും ചേർക്കുന്നില്ലയോ അതുവരെ ഒരു വ്യക്തിക്ക് വാക്ചാതുരിയുടെ ഉന്നത തലം പ്രാപിക്കാൻ കഴിയില്ല. അല്ലാഹുവിന്റെ വചനങ്ങൾ ഇതിൽനിന്ന് തികച്ചും പരിശുദ്ധമാകുന്നു. അതിൽ ഒന്നും ചേർത്തിട്ടില്ല. രണ്ട്(2): വിശുദ്ധ ഖുർആനിന്റെ മറ്റൊരു അത്ഭുതകരമായ ശ്രേഷ്ഠതയെന്തെന്നാൽ അതു വിവരിച്ചിട്ടുള്ള എല്ലാ കഥകളും വാസ്തവത്തിൽ പ്രവചനങ്ങളാകുന്നു. അതിലേക്ക് അത് കൂടെക്കൂടെ സൂചനയും നൽകുന്നു. ഇതും വിശുദ്ധ ഖുർആനിൽ കാണാൻ കഴിയും. (3)വിശുദ്ധ ഖുർആനിലുള്ള മൂന്നാമത്തെ ശ്രേഷ്ഠതയെന്തെന്നാൽ അതിന്റെ അധ്യാപനങ്ങൾ മനുഷ്യപ്രകൃതിയെ അതിന്റെ പാരമ്യത്തിലെത്തിക്കാൻ ആവശ്യമായ കാര്യങ്ങളൊക്കെ പൂർണമായും ഉൾകൊള്ളുന്നു എന്നതാണ്. യഖീൻ അഥവാ അനുഭവജ്ഞാനത്തിന്റെ തലത്തിലേക്ക് എത്തുതിനുള്ള അടയാളങ്ങളെല്ലാം അതിൽ അടങ്ങിയിരിക്കുന്നു. (4)നാലാമത്തെ വലിയ പ്രത്യേകത എന്തെന്നാൽ അതിനെ പിൻപറ്റുന്നവർ അല്ലാഹുവിന്റെ എത്രമാത്രം സാമീപ്യം കരസ്ഥമാക്കുന്നുവെന്നാൽ അവൻ ദൈവിക സംബോധനയാൽ അനുഗ്രഹിക്കപ്പെടുന്നു. വ്യക്തമായ അടയാളങ്ങൾ അവനിലൂടെ വെളിപ്പെടുന്നു. ഹൃദയ പരിശുദ്ധിയും വിശ്വാസസ്ഥൈര്യവും അവനു ലഭ്യമാകുന്നു. വിശുദ്ധഖുർആനിന്റെ ഈ പ്രധാനകാര്യം വളരെയേറെ ഓർമിച്ചുവെക്കേണ്ടതാണ്. അതായത് പരിപൂർണമായ വിശ്വാസിക്കുമേൽ ദൈവികാനുഗ്രഹങ്ങളുടെ അടയാളങ്ങൾ ഉണ്ടാകുന്നു. അത് ഒരു ദൈവിക പ്രവർത്തിയാകുന്നു. അതുകൊണ്ടുതന്നെ ആർക്കും അത് തന്റെ ശ്രേഷ്ഠതയായി പ്രഖ്യാപിക്കാൻ സാധ്യമല്ല. പരിപൂർണ വിശ്വാസിയുടെ വ്യക്തിപരമായ ശ്രേഷ്ഠത തഖ്‌വയും പരിശുദ്ധിയും വിശ്വാസദാർഢ്യവും സ്ഥൈര്യവും ആകുന്നു. ഉദാഹരണമായി ഒരു ചുമരിൽ സൂര്യകിരണം പതിക്കുമ്പോൾ ആ പ്രകാശം ചുവരിന്റെ പ്രത്യേകതയിൽ സന്നിവേശിപ്പിക്കപ്പെടുന്നു. കാരണം അതിന് അതിൽ നിന്ന് വേറിട്ടുനിൽക്കാനും കഴിയുന്നതാണ്. എന്നാൽ, ചുമരിന്റെ പ്രത്യേകത എന്തെന്നാൽ, അതിന്റെ അടിത്തറ വളരെ ശക്തമായ കല്ലുകളിൽ ആയിരിക്കും. അതിന്റെ ശക്തമായ അടിത്തറ എങ്ങനെയുള്ള വെള്ളപ്പൊക്കം വന്നാലും മലവെള്ളപ്പാച്ചിൽ വന്നാലും പ്രളയം വന്നാലും ശക്തമായ മഴ വർഷിച്ചാലും അതിന്റെ ചുമരുകൾക്ക് ഇളക്കം തട്ടുന്നതല്ല."(ചശ്മയെ മഅ്രിഫ, റൂഹാനീ ഖസാഇൻ, വാല്യം 23, പേജ് 268, അടിക്കുറിപ്പ്)

ചുരുക്കത്തിൽ വിശ്വാസത്തിനും ഈ ഒരു അവസ്ഥ ഉണ്ടാകേണ്ടതാണ്. വിശുദ്ധ ഖുർആനിനെ ദൈവികവചനമാണെന്ന് മനസ്സിലാക്കിക്കൊണ്ട് അത് പ്രാവർത്തികമാക്കുമ്പോൾ ഈ ഒരു അവസ്ഥ അതായത്, നമ്മുടെ വിശ്വാസങ്ങൾ സുദൃഢമാകുന്നതാണ്. അത് അല്ലാഹുവുമായി നമ്മെ അടുപ്പിക്കുന്നു. പ്രളയത്തിനോ കൊടുങ്കാറ്റിനോ മനുഷ്യന്റെ എതിർപ്പുകൾക്കോ ഈ വിശ്വാസത്തിൽ നിന്ന് അയാളെ ഇളക്കാൻ സാധ്യമല്ല. ഇതാണ് മനുഷ്യന്റെ പ്രത്യേകത. അവനിൽ എപ്പോഴും ദൈവികവചനങ്ങളുടെ പ്രകാശം പതിച്ചുകൊണ്ടിരിക്കുന്നു. അത് മനസ്സിലാക്കാൻ അവൻ ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്.

വീണ്ടും പറയുന്നു: വിശുദ്ധ ഖുർആൻ എന്ന ഗ്രന്ഥത്തെ പിന്തുടരുന്നതു മുഖേന പ്രാർഥനകൾ സ്വീകരിക്കപ്പെടുന്നതാണ്. ഇതു വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "വിശുദ്ധ ഖുർആനിന്റെ അത്ഭുത പ്രഭാവങ്ങളിൽ ഒന്ന് അതിനെ പിന്തുടരുന്നവർ സ്വീകാര്യതയുടെ പദവി ആർജിക്കുന്നു എന്നതാണ്. അവരുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടുകയും അല്ലാഹു തന്റെ മധുരഭാഷണത്താലും പ്രതാപം മുഖേനയും അവർക്ക് അറിയിപ്പു നല്കുകയും ചെയ്യുന്നു. പ്രത്യേകിച്ചും ശത്രുക്കൾക്കെതിരിൽ അവരെ സഹായിക്കുന്നു. സഹായകൻ എന്ന രീതിയിൽ തന്റെ പ്രത്യേകമായ അദൃശ്യജ്ഞാനങ്ങൾ അവനു അറിയിച്ചു കൊടുക്കുന്നു.

വിശുദ്ധ ഖുർആനിൽ എല്ലാ സന്മാർഗ്ഗങ്ങളുമുണ്ടെന്ന് വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: അറേബ്യായിലെ മുശ്രിക്കീങ്ങളെപ്പോലെ ആ നാട്ടിലുണ്ടായിരുന്ന ഗ്രന്ഥാനുസാരികളും കുറ്റകൃത്യങ്ങളിൽ അകപ്പെട്ടിരുന്നു. ക്രിസ്ത്യാനികൾ പാപപരിഹാരത്തിൽ ഊന്നൽ നൽകിയും പ്രതീക്ഷയർപ്പിച്ചും കൊണ്ട് തങ്ങൾക്കെല്ലാ തരത്തിലുമുള്ള കാര്യങ്ങളും അനുവദനീയമാണെന്ന് മനസ്സിലാക്കുകയുണ്ടായി. യഹൂദികൾ പറഞ്ഞത് കുറ്റകൃത്യങ്ങൾ നിമിത്തം തങ്ങൾ ഏതാനും ദിവസങ്ങൾ മാത്രമേ നരകത്തിൽ കിടക്കുകയുള്ളൂ. അതിനപ്പുറമൊന്നും സംഭവിക്കുകയില്ലെന്നാണ്. അത് സംബന്ധിച്ച് അല്ലാഹു പറയുന്നു: *ദാലിക്ക ബി അന്നഹും ഖാലൂ ലൻതമസ്സനന്നാറു ഇല്ലാ അയ്യാമൻ മഅ്ദൂദാത്തിൻ വ്വ ഗർറഹും ഫീ ദീനി ഹിം മ്മാ കാനൂ യഫ്ത്തറൂൻ*(3:25)........ ഈ ധൈര്യവും തന്റേടവും അവർക്കുണ്ടാകാൻ കാരണമായി പ്പറയുന്നത്, അവർ പറയുന്നു: നരകത്തിന്റെ അഗ്നി (അവരെന്തുതന്നെ പ്രവർത്തിക്കുകയാണെങ്കിലും എന്തുകൊണ്ടാണ് അവർക്ക് ഈ തന്റേടമുണ്ടായത്. അതെ കുറിച്ചാണ് ഞാൻ ഓതിയ ഈ ആയത്ത് പറയുന്നത്) നരകത്തിന്റെ അഗ്നി തങ്ങളെ ഏതാനും ദിവസങ്ങളല്ലാതെ സ്പർശിക്കുന്നതല്ല. അവർ കെട്ടിച്ചമച്ച് പറയുന്നതെല്ലാം തങ്ങളെ കുറിച്ച് അഹങ്കരിച്ച് പറയുന്നതെല്ലാം അവരുടെ ചിന്തകൾ മാത്രമാകുന്നു. വാസ്തവത്തിൽ ഗ്രന്ഥാനുസാരികളുടെ അറേബ്യൻമുസ്‌ലിമീങ്ങളും അങ്ങേയറ്റം ദുർനടപ്പുകാരായി മാറിയിരുന്നു. തിന്മകൾ ചെയ്തതിനുശേഷം തങ്ങൾ നന്മയാണ് ചെയ്തതെന്ന് കരുതി, കുറ്റകൃത്യങ്ങളിൽനിന്ന് പിന്മാറുന്നുണ്ടായിരുന്നില്ല, പൊതു നന്മയിൽ വിള്ളൽ വീഴ്ത്തിയിരുന്നു. അപ്പോൾ അല്ലാഹു തന്റെ നബിയുടെ കൈകളിൽ ഭരണകൂടത്തിന്റെ അനുഗ്രഹങ്ങൾ നൽകിക്കൊണ്ട് അദ്ദേഹത്തിന്റെ കൈകളാൽ അറബികളെ രക്ഷിക്കാൻ ആഗ്രഹിച്ചു. അറബികൾ പൊതുവിൽ നിയന്ത്രണമില്ലാത്തവരായി തീർന്നു. അവർ ഏതെങ്കിലും രാജാവിന്റെ ഭരണത്തിൻകീഴിൽ ആയിരുന്നില്ല. അതുകൊണ്ട് ഓരോ ഗോത്രക്കാരും തീരെ നിയന്ത്രണമില്ലാത്തവരും താന്തോന്നികളുമായാണ് ജീവിച്ചിരുന്നത്. കാരണം അവർക്ക് ശിക്ഷയ്ക്കുള്ള നിയമങ്ങളൊന്നുമില്ലായിരുന്നു. അതുകൊണ്ട് അവർ ഓരോ ദിവസം കൂടുമ്പോഴും കുറ്റകൃത്യങ്ങളിൽ മുന്നേറിക്കൊണ്ടിരുന്നു. അപ്പോൾ അല്ലാഹു ആ നാട്ടുകാരോടു കാരുണ്യം കാണിച്ചു കൊണ്ട് നബി(സ)തിരുമേനിയെ ആ നാട്ടിൽ പ്രവാചകനായി മാത്രമല്ല പ്രത്യുത ആ നാടിന്റെ രാജാവായിട്ടും നിയോഗിക്കുകയുണ്ടായി. വിശുദ്ധ ഖുർആനിനെ ഒരു നിയമാവലി എന്ന നിലയിൽ പൂർത്തിയാക്കി. അതിൽ പൊതുകാര്യങ്ങളും കുറ്റകൃത്യങ്ങളും സാമ്പത്തികവും തുടങ്ങി എല്ലാ മാർഗനിർദ്ദേശങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനി ഒരു രാജാവെന്ന നിലയ്ക്ക് എല്ലാ ഗോത്രങ്ങളുടെയും ന്യായാധിപനുമായിരുന്നു. എല്ലാ മതക്കാരും തങ്ങളുടെ കേസുകളിലും നബി(സ)തിരുമേനിയിൽനിന്നാണ് വിധി കരസ്ഥമാക്കിയിരുന്നത്. വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ഒരിക്കൽ ഒരു മുസ്‌ലിമും യഹൂദിയും നബി(സ)തിരുമേനിയുടെ കോടതിയിൽ കേസുമായി വന്നപ്പോൾ അവിടന്ന് അന്വേഷണത്തിനുശേഷം യഹൂദിയുടെ ഭാഗം ശരിയാണെന്ന് വിധിച്ചു. മുസ്‌ലിമിനെതിരിൽ വിധി പറഞ്ഞു. എന്നാൽ, ചില വിവരദോഷികളായ എതിരാളികൾ ആഴത്തിൽ മനസ്സിലാക്കാതെ എല്ലായിടത്തും നബി(സ)തിരുമേനിയുടെ പ്രവാചകത്വത്തെ താഴ്

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ നിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**
**(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

**• ഹദീഥുന്നബ്‌വി(സ): •**

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

ത്വാലിബെ ദുആ:
ANWAR SADAT AND FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ത്തിക്കെട്ടാനാണ് നടന്നത്. വാസ്തവത്തിൽ ഈ പറഞ്ഞ ശിക്ഷകൾ ഖിലാഫത്ത് അഥവാ രാജാധികാരത്തിന്റെ അടിസ്ഥാനത്തിലാണ് നല്കപ്പെട്ടിരുന്നത്”(ചശ്മയെ മഅ്രിഫ, റൂഹാനീ ഖസാഇൻ, വാള്യം 23, പേജ് 242–243)

വിശുദ്ധ ഖുർആൻ മുഖേന പരിശുദ്ധ ജീവിതം കരസ്ഥമാക്കുന്നതിനെ കുറിച്ച് വിവരിച്ചുകൊണ്ട് വാഗ്ദത്ത മഹ്ദീമസീഹ്(അ) പറയുന്നു: “ഓരോ വസ്തുവിന്റെയും വലിയ ശ്രേഷ്ഠതയായി മനസ്സിലാക്കപ്പെടന്നത് ഏതൊരു ഉദ്ദേശ്യത്തിന് വേണ്ടിയാണോ അത് തയ്യാറാക്കിയിട്ടുള്ളത് പ്രസ്തുത ഉദ്ദേശ്യം ഏറ്റവും നല്ല രീതിയിൽ പൂർത്തിയാക്കപ്പെടണമെന്നതാണ്. ഉദാഹരണമായി കാളയെ നിലമുഴുകുന്നതിന് വേണ്ടിയാണ് വാങ്ങിയിട്ടുള്ളതെങ്കിൽ പ്രസ്തുത കാള നിലമുഴുകുന്ന കാര്യത്തി എത്രമാത്രം നല്ലതാണെന്നാണ് നോക്കുക. കാളയെ നിലമുഴാൻ വേണ്ടി വാങ്ങിയാൽ നിലമുഴുതാൻ തന്നെയാണ് ഉപയോഗിക്കുന്നതും. നല്ല രീതിയിൽ നിലം ഉഴുതാൻ കഴിയുന്ന കാളയെ നല്ലതാണെന്നു ഗണിക്കും. അതുപോലെ ദൈവിക ഗ്രന്ഥത്തിന്റെ യഥാർഥ ഉദ്ദേശ്യമെന്തെന്നാൽ അത് അതിനെ പിൻപറ്റുന്നവർക്ക് നൽകുന്ന അധ്യാപനത്തിലും പ്രഭാവത്തിലും നന്മയുടെ ശക്തിക്കും ആത്മീയ പ്രത്യേകതക്കും എല്ലാ തിന്മകളിൽ നിന്നും മലീമസമായ ജീവിതത്തിൽ നിന്നും മാറി ഒരു പരിശുദ്ധ ജീവിതം നൽകുന്നു. തുടർന്ന് പരിശുദ്ധമാക്കിയശേഷം ദൈവത്തെ തിരിച്ചറിയാൻ ഒരു സമ്പൂർണ ഉൾക്കാഴ്ചയും പ്രദാനം ചെയ്യുന്നു. അനുപമനായ ആ അസ്തിത്വം എല്ലാ ആനന്ദങ്ങളുടെയും ഉറവിടമാകുന്നു. അവനുമായി സ്നേഹത്തിന്റെയും അനുരക്തിയുടെയും ബന്ധം ഉണ്ടാക്കേണ്ടതാണ്. കാരണം യഥാർഥത്തിൽ ഈ സ്നേഹംതന്നെയാണ് മോക്ഷത്തിന്റെ അടിവേര്. ഇതുതന്നെയാണ് എല്ലാ അസ്വസ്ഥതകളും പ്രശ്നങ്ങളും പ്രയാസങ്ങളും വേദനകളും അകറ്റുന്ന സ്വർഗം. നിസ്സംശയം! ജീവനുള്ളതും പരിപൂർണവുമായ ദൈവിക ഗ്രന്ഥം ഇതുതന്നെയാകുന്നു. അത് ദൈവത്തെ അന്വേഷിക്കുന്നവരെ അവരുടെ ലക്ഷ്യത്തിൽ എത്തിക്കുന്നു. അത് മനുഷ്യനെ അധമ ജീവിതത്തിൽ നിന്ന് മോചിപ്പിച്ച അവന്റെ യഥാർഥ പ്രേമഭാജനത്തിലേക്ക് അടുപ്പിക്കുന്നു. അവനെ പ്രാപിക്കുന്നതാണ് യഥാർഥ മോക്ഷം. എല്ലാ സംശയങ്ങളിൽ നിന്നും മോചനം നൽകി സമ്പൂർണ ദിവ്യജ്ഞാനം പ്രദാനം ചെയ്യുന്നു. അതായത് അവൻ തന്റെ ദൈവത്തെ കണ്ട് ദൈവവുമായി സ്ഥായിയായ ബന്ധമുണ്ടാക്കുന്നു. അതായത് അവൻ ദൈവത്തിനോടു കൂറുള്ള ദാസനായി മാറുന്നു. ദൈവം അവനിൽ അനുഗ്രഹാശ്ശിസുകൾ വർഷിക്കുന്നു. അതായത് തന്റെ വ്യത്യസ്തങ്ങളായ സഹായങ്ങളാലും പിന്തുണയാലും അവനും അന്യർക്കുമിടയിൽ വ്യത്യാസം പ്രകടമാക്കുന്നു. തന്റെ ദിവ്യജ്ഞാനങ്ങളുടെ കവാടങ്ങൾ അവനിൽ തുറക്കുന്നു. ഏതെങ്കിലും ഗ്രന്ഥം അതിന്റെ ഈ യഥാർഥ ഉദ്ദേശ്യത്തെ പൂർത്തീകരിക്കാതിരിക്കുകയും മറ്റു അനാവശ്യമായ വാദങ്ങൾ മുഖേന തന്റെ ശ്രേഷ്ഠത സ്ഥാപിക്കാൻ ആഗ്രഹിക്കുകയുമാണെങ്കിൽ അതിന്റെ ഉദാഹരണം വിദഗ്ദ്ധനാണെന്ന് വാദിക്കുന്ന ഒരു വൈദ്യന്റേതാണ്. ഏതെങ്കിലും രോഗിയെ അയാളുടെ അടുത്ത് കൊണ്ടുവരികയും അയാളെ സുഖപ്പെടുത്തിക്കാണിക്കാൻ പറയുകയും ചെയ്യുമ്പോൾ തനിക്ക് അയാളെ സുഖപ്പെടുത്താൻ കഴിയില്ല, തനിക്ക് നന്നായി ഗുസ്തി പിടിക്കാൻ അറിയാമെന്ന് പറയുകയാണെങ്കിൽ, അല്ലെങ്കിൽ തനിക്ക് ഖഗോള ശാസ്ത്രവും തത്ത്വജ്ഞാനവും നല്ലപോലെ അറിയാമെന്ന് പറയുകയാണെങ്കിൽ അത്തരം വ്യക്തി അവഹേളിതനായി തീരുകയാണ് ചെയ്യുന്നത്. ബുദ്ധിമാന്മാരുടെ വീക്ഷണത്തിൽ അയാൾ ശിക്ഷാർഹനുമായിരിക്കും. അല്ലാഹുവിന്റെ ഗ്രന്ഥവും അല്ലാഹുവിന്റെ റസൂലും ലോകത്തു വന്നതിന്റെ വലിയൊരു ഉദ്ദേശ്യമെന്തെന്നാൽ ലോകത്തെ പാപവും തിന്മയുമുള്ള ജീവിതത്തിൽ നിന്ന് രക്ഷപ്പെടുത്താനും ദൈവവുമായി പരിശുദ്ധ ബന്ധം സ്ഥാപിച്ചുകൊടുക്കാനും വേണ്ടിയാണ്. അല്ലാതെ ഭൗതികമായ അറിവുകൾ പഠിപ്പിക്കാനും ഭൗതികമായ കണ്ടുപിടിത്തങ്ങളെ കുറിച്ച് അറിവ് നൽകാനുമല്ല.

ചുരുക്കത്തിൽ ബുദ്ധിമാനും നീതിമാനുമായ ഒരു വ്യക്തിയുടെ വീക്ഷണത്തിൽ ദൈവിക ഗ്രന്ഥത്തിന്റെ യഥാർഥ ഉദ്ദേശ്യം അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ച് അനുഭവജ്ഞാനത്തിന്റെ തലത്തിലേക്ക് ഉയർത്തുകയാണെന്നും ദൈവിക മഹത്ത്വവും ഭയവും ഹൃദയത്തിൽ കുടിയിരുത്തി തിന്മയിൽ നിന്ന് തടയുകയാണെന്നും മനസ്സിലാക്കാൻ പ്രയാസമൊന്നുമില്ല. അതല്ലാതെ, അതൊന്നുമില്ലാതെ ഹൃദയത്തിലെ മാലിന്യം ദൂരീകരിക്കാൻ കഴിയാത്തതും പരിശുദ്ധവും സമ്പൂർണ ദിവ്യജ്ഞാനം നൽകാൻ കഴിയാത്തതും അതായത് തിന്മകളോട് വെറുപ്പുണ്ടാക്കാൻ കഴിയാത്തതുമായ ഗ്രന്ഥത്തെ കുറിച്ച് നമുക്ക് എന്ത് ചെയ്യാൻ കഴിയും? ഓർക്കുക തിന്മകളോട് താൽപര്യമുണ്ടാക്കുന്ന പാണ്ടു രോഗം വളരെ ഭയാനകമാകുന്നു. ഈ പാണ്ടു രോഗം ഏതുവരെ ദൈവത്തിന്റെ ജീവൽ ദിവ്യജ്ഞാനങ്ങളുടെ തേജസ്സും അതിന്റെ ഭയത്തിന്റെയും മഹത്ത്വത്തിന്റെയും അടയാളങ്ങൾ മഴപോലെ വാർഷിക്കുകയും ചെയ്യുന്നില്ലയോ അതുവരെയും അകന്നു പോകുന്നതല്ല. ഉദാഹരണമായി ഒരു ആട് തന്റെ രണ്ടു ചുവടുകൾക്കപ്പുറം സിംഹത്തെ കാണുന്ന രീതിയിൽ ദൈവത്തിന്റെ ക്രുദ്ധമായ കഴിവുകളെ കാണാത്തിടത്തോളം അത് സാധ്യമല്ല. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻ തിന്മയുടെ നാശോന്മുഖമായ വികാരങ്ങളിൽ നിന്ന് അകന്നിരിക്കേണ്ടതാണ്. അവന്റെ ഹൃദയത്തിൽ എത്രമാത്രം ദൈവിക പ്രതാപം ഉണ്ടാകണമെന്നാൽ അവൻ അനിയന്ത്രിതമായി ചെയ്തു പോകുന്ന വിദ്യുച്ഛക്തി അവനിൽ പ്രസരിക്കുമ്പോൾ സ്വേച്ഛകൾ അവന്റെ തഖ്‌വയുടെ മൂലധനത്തെ ഒരു നിമിഷംകൊണ്ട് എരിച്ച് കളയുന്നു. അതിനെ അകറ്റേണ്ടതാണ്. എന്നാൽ ചുഴലി രോഗംപോലെ കൂടെക്കൂടെ ഉണ്ടാകുന്ന അവിശുദ്ധ വികാരങ്ങളെയും പരിശുദ്ധമായ ചിന്തകളെ അകറ്റുന്ന സ്വേച്ഛകളെയും തന്റെ സ്വയം നിർമിത പരമേശ്വരന്റെ ചിന്താഗതികൊണ്ട് അകറ്റാൻ സാധ്യമാണോ? അതല്ല തന്റെ സ്വയംകൃത ചിന്താഗതികൾ കൊണ്ട് അതിനെ അടിച്ചമർത്താൻ കഴിയുമോ? അതുമല്ലെങ്കിൽ താൻ അനുഭവിക്കാത്ത പാപമോചനത്തിന്റെ വേദനകൊണ്ട് അതിനെ ഇല്ലാതാക്കാൻ പറ്റുമോ? ഒരിക്കലുമില്ല. ഈ കാര്യങ്ങളെല്ലാം നിസാരമല്ല. പ്രത്യുത ഇതിൽ നിന്നെല്ലാം അതീതമായി ബുദ്ധിമാനായ ഒരു മനുഷ്യന്റെ വീക്ഷണത്തിൽ ചിന്തനീയമായ കാര്യമെന്തെന്നാൽ ദൈവവുമായി നിയന്ത്രണമില്ലായ്മയും ബന്ധമില്ലായ്മയും കാരണം ഉണ്ടാകുന്ന നാശങ്ങളുടെ യഥാർഥ തായ്‌വേര് തിന്മയും പാപവുമാകുന്നു. അതിൽ നിന്ന് എങ്ങനെയാണ് രക്ഷപെടാൻ കഴിയുക? പ്രത്യക്ഷത്തിൽ മനുഷ്യന് ഉറപ്പുള്ള ആനന്ദത്തെ ഊഹങ്ങളുടെ ചിന്തകൾ കൊണ്ട് മാത്രം ഒഴിവാക്കാൻ കഴിയില്ല. ചില ഉറപ്പുള്ള ആനന്ദങ്ങളുണ്ട്. അതവന് കിട്ടുന്നു. ഇതൊക്കെ ഊഹങ്ങളുടെ അടിസ്ഥാനത്തിൽ ഇൻശാ അല്ലാഹ് കിട്ടുമെന്ന് പറയുന്നു. പിന്നീട് കിട്ടുന്നതാണ്. എപ്പോൾ കിട്ടും, എങ്ങനെ കിട്ടും എന്നറിയാതെ ഇതൊന്നും ഒഴിവാക്കാൻ സാധ്യമല്ല.

ആ മഹാത്മാവ് പറയുന്നു: ഒരു ദൃഢബോധ്യമുള്ള കാര്യത്തെ മറ്റൊരു ദൃഢബോധ്യം കൊണ്ട് അതിജയിക്കാൻ കഴിയും. ഉദാഹരണമായി ഒരു വനത്തെ സംബന്ധിച്ചിടത്തോളം അവിടെ ഒരുപാട് മാനുകളുണ്ടെന്നും അവയെ വളരെ എളുപ്പത്തിൽ പിടിക്കാമെന്നും ഉറച്ച ബോധ്യമുണ്ടായിരിക്കും. ആ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടു നീങ്ങാനും തയ്യാറായിരിക്കും. എന്നാൽ, അവിടെ അൻപത് സിംഹങ്ങളുണ്ടെന്നും അതല്ലെങ്കിൽ ആയിരക്കണക്കിന് രക്തദാഹികളായ മലമ്പാമ്പുകൾ വാ പിളർത്തി നിൽക്കുന്നുണ്ടെന്നുമുള്ള മറ്റൊരു ദൃഢബോധ്യം ഉണ്ടാകുമ്പോൾ നമ്മൾ നമ്മുടെ ഉദ്ദേശ്യത്തെ കൈയൊഴിയുന്നതാണ്. അതെപോലെ ഈ തലത്തിലേക്ക് ദൃഢബോധ്യം ഉണ്ടാകാത്തിടത്തോളം തിന്മകളിൽ നിന്ന് അകലാൻ സാധ്യമല്ല. തിന്മകളെ കൈയൊഴിയാനുള്ള മാർഗം ദൃഢബോധ്യം ഉണ്ടാകുക എന്നതാണ്. നമ്മൾ തിന്മകൾ ചെയ്യുമ്പോൾ വ്യക്തിപരമായും പ്രസ്തുത സമയത്തും നമുക്ക് ആനന്ദം കിട്ടുമായിരിക്കും. എന്നാൽ അത് ചെയ്യുമ്പോൾ, ഒരു വനത്തിൽ വേട്ടക്കുപോകുമ്പോൾ അവിടെ സിംഹവും മലമ്പാമ്പുകളും ഉണ്ടെന്ന ഭയം അവിടെ വേട്ടക്ക് പോകാൻ നമ്മെ അനുവദിക്കുന്നില്ല. ഇതേ പോലെ ദൃഢബോധ്യമുണ്ടാകുമ്പോൾ, അതായത് അല്ലാഹുവിന്റെ പിടിത്തം വളരെ ശക്തമാണെന്ന് അറിയുമ്പോൾ തിന്മകളിൽ നിന്ന് രക്ഷപ്രാപിക്കാൻ കഴിയുന്നതാണ്. അതായത് നമ്മൾ തിന്മകൾ ചെയ്യുകയാണെങ്കിൽ അവൻ നമ്മെ പിടികൂടുന്നതാണ്.

അദ്ദേഹം പറയുന്നു: ‘ലോഹത്തെ ലോഹം കൊണ്ടാണ് പൊട്ടിക്കാറുള്ളത്. അല്ലാഹുവിനോടുള്ള മഹത്ത്വത്തിന്റെയും ഭയത്തിന്റെയും ദൃഢബോധ്യം അലംഭാവത്തിന്റെ ആവരണങ്ങളെ മുറിച്ച് മാറ്റുന്നു. അത് ശരീരത്തെ മുഴുവനും വിറ കൊള്ളിക്കുന്നു. മരണത്തെ സമീപസ്ഥമാക്കി കാണിക്കുന്നു. പ്രസ്തുത ഭയം ഹൃദയത്തെ അതിജയിക്കുമ്പോൾ അതു മുഖേന ദോഷപ്രവണമായ ആത്മാവിന്റെ എല്ലാ അവസ്ഥകളും പൊട്ടിത്തകരുന്നതാണ്. പിന്നീട് മനുഷ്യൻ ഒരു അദൃശ്യകരങ്ങളാൽ ദൈവത്തിലേക്ക് വലിച്ചടുപ്പിക്കപ്പെടുന്നു. യഥാർഥത്തിൽ ദൈവമുണ്ടെന്നും അവൻ ധിക്കാരിയെയും കുറ്റവാളിയെയും ശിക്ഷിക്കാതെ വിടുന്നതല്ലെന്നും ദൃഢബോധ്യം അവന്റെ ഹൃദയത്തിൽ നിറയുന്നു. എന്നാൽ, യഥാർഥ പരിശുദ്ധി അന്വേഷിക്കുന്ന ഒരാൾക്ക്, ഈ കാര്യങ്ങൾ അകറ്റാൻ ഉതകുന്ന ഒരു ഗ്രന്ഥം കിട്ടുന്നില്ലെങ്കിൽ അയാളെന്തുചെയ്യും. അതുകൊണ്ട് ഞാൻ എല്ലാവരോടും വ്യക്തമാക്കാൻ ആഗ്രഹിക്കുന്നതെന്തെന്നാൽ ഈ കാര്യങ്ങളെല്ലാം പരിപൂർത്തീകരിക്കാൻ ഉതകുന്ന ഗ്രന്ഥം വിശുദ്ധ ഖുർആൻ മാത്രമാകുന്നു. അതു മുഖേന അല്ലാഹുവിലേക്ക് മനുഷ്യന് ഒരു ആകർഷണമുണ്ടാകുന്നു. ഭൗതികതയോടുള്ള സ്നേഹം തണുക്കുകയും ചെയ്യുന്നു. അതിസൂക്ഷ്മജ്ഞനായ ദൈവത്തെ അവൻ പിൻപറ്റുന്നതുകൊണ്ട് അവസാനം തന്റെ അസ്തിത്വവുമായി അവനു മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. അവന്റെ അത്ഭുത വികാസങ്ങളെ കുറിച്ച് അന്യസമുദായങ്ങൾക്ക് അറിയുകയില്ല. ഖുർആനിനെ പിന്തുടരുന്ന വ്യക്തിക്ക് അല്ലാഹു സ്വയം വെളിപ്പെടുമാറാകുന്നു. ഈ ഒരു വാചകം

പ്രത്യേകം ഓർക്കുക, ഖുർആനിനെ പിന്തുടരുന്ന വ്യക്തിക്ക് അല്ലാഹു സ്വയം വെളിപ്പെടുമാറാകുന്നു. മാലാഖമാരുടെ ലോകത്ത് അയാളെ കൊണ്ടുപോകുന്നു. അനൽ മൗജൂദ് അഥവാ താനുണ്ടെന്ന അല്ലാഹുവിന്റെ ശബ്ദം മുഖേന ദൈവം തന്റെ അസ്തിത്വത്തെ കുറിച്ച് അയാൾക്ക് അറിവ് നൽകുന്നു."

ചുരുക്കത്തിൽ ഈ അറിവും ഉൾക്കാഴ്ചയുമാണ് വിശുദ്ധ ഖുർആനിനെ കുറിച്ച് ഉണ്ടാകേണ്ടത്. ഈ അധ്യാപനത്തിന്റെ ഈ വശമാണ് കർമപരമായി നമ്മളിലൂടെ വെളിപ്പെടേണ്ടത്. അല്ലെങ്കിൽ മറ്റുമതങ്ങളെപോലെ വിശ്വാസസംബന്ധമായ നമ്മുടെ വാദം വെറും വാക്കുകൾ മാത്രമായിത്തീരും. ഇവിടെ പറയുന്നു: ഈ ഗ്രന്ഥം പരിഷ്കരണമുണ്ടാക്കുന്നു. മറ്റു ഗ്രന്ഥങ്ങൾക്ക് അത് സാധ്യമല്ല. അവയിലുള്ള അധ്യാപനങ്ങൾ സമ്പൂർണമല്ല. അതുകൊണ്ട് അവയ്ക്ക് പരിഷ്കരണമുണ്ടാക്കാൻ കഴിയില്ല. നമ്മൾ വിശുദ്ധ ഖുർആൻ അംഗീകരിക്കുകയും പിന്നെ പരിഷ്കരണം ഉണ്ടാക്കുകയും ചെയ്യുന്നില്ലെങ്കിൽ അത് നമ്മുടെ ന്യൂനതയാകുന്നു. കാരണം നമ്മൾ ആ മഹാത്മാവ് പറഞ്ഞതുപോലെ പരിപൂർണമായി അതിനെ പിൻപറ്റുന്നില്ല. പൂർണമായും പിൻപറ്റുന്നില്ലെങ്കിൽ പിന്നെങ്ങനെയാണ് പരിഷ്കരണമുണ്ടാകുക? അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ പരിഷ്കരണം എങ്ങനെ ഉണ്ടാകാനാണ്? അതുകൊണ്ട് അതിനെ പരിപൂർണമായും പിൻപറ്റാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു അതിന് സൗഭാഗ്യം നൽകുമാറാകട്ടെ.

വീണ്ടുംആ മഹാത്മാവ് പറയുന്നു:....... നമ്മുടെയും നമുക്ക് മുമ്പേ കടന്നു കഴിഞ്ഞവരുടെയും അനുഭവമെന്തെന്നാൽ, വിശുദ്ധ ഖുർആനിനെ സത്യസന്ധമായി പിന്തുടരുന്നവർ അതിന്റെ ആത്മീയമായ പ്രത്യേകതകളാലും പ്രകാശത്താലും അതിലേക്ക് ആകർഷിക്കുന്നു എന്നതിന് സാക്ഷ്യം നൽകുന്നു. അത്തരം ആളുകളുടെ ഹൃദയത്തെ പ്രകാശിതമാക്കുന്നു. പിന്നെ വലിയ വലിയ അടയാളങ്ങൾ കാണിച്ചുകൊണ്ട് ദൈവവുമായി ഒരു ഉറച്ച ബന്ധമുണ്ടാക്കുന്നു. അതിനെ തുണ്ടം തുണ്ടമാക്കാൻ ആഗ്രഹിക്കുന്ന വാളിനുപോലും വെട്ടിമുറിക്കാൻ സാധ്യമല്ല. അത് ഹൃദയത്തിന്റെ നേത്രങ്ങൾ തുറക്കുന്നു. തിന്മകളുടെ മലീമസമായ ഉറവകളെ അടയ്ക്കുന്നു. അല്ലാഹുവിന്റെ മാധുര്യമുള്ള സംഭാഷണങ്ങളാൽ അനുഗ്രഹിക്കുന്നു. അദൃശ്യജ്ഞാനങ്ങൾ നൽകുന്നു. ദുആ സ്വീകാര്യതയെ കുറിച്ച് തന്റെ വചനങ്ങളാൽ അറിയിപ്പുനൽകുന്നു. വിശുദ്ധ ഖുർആനിന്റെ യഥാർഥ അനുയായിയെ എതിരിടാൻ വരുന്നവർക്ക് മുമ്പിൽ അല്ലാഹു തന്റെ അതിഭയാനകമായ ദൃഷ്ടാന്തങ്ങൾ മുഖാന്തരം വെളിപ്പെട്ടുകൊണ്ട്, താൻ തന്റെ വചനത്തെ പിന്തുടരുന്ന ദാസന്റെ കൂടെയാണെന്ന് വെളിപ്പെടുത്തുന്നു."(ചശ്മയെ മഅ്രിഫ, റൂഹാനീ ഖസാഇൻ, വാല്യം 23, പേജ് 305–309)

അതുകൊണ്ട് സത്യസന്ധരായ അനുയായി ആകേണ്ടത് അടിസ്ഥാനപരമായ നിബന്ധനയാകുന്നു.

വിശുദ്ധ ഖുർആൻ ശിർക്കിൽനിന്ന് മോചനത്തിനുള്ള മാർഗമാണെന്ന് വിശദീകരിച്ചുകൊണ്ട് വാഗ്ദത്ത മഹ്ദി മസീഹ്(അ) പറയുന്നു: "വിശുദ്ധ ഖുർആൻ തൗഹീദിന്റെ വിത്ത് അറേബ്യായിലും പേർഷ്യയിലെ മിസ്റിലും ശാമിലും ഇന്ത്യയിലും ചൈനയിലും അഫ്ഗാനിസ്താനിലും കാശ്മീർ തുടങ്ങിയ നാടുകളിലുമൊക്കെ വിതയ്ക്കുകയുണ്ടായി. ഭൂരിഭാഗം നാടുകളിൽനിന്നും ബഹുദൈവ ആരാധനയുടെയും സൃഷ്ടിപൂജയുടെയും വിത്തിനെ വേരോടെ പിഴുതുമാറ്റി. ഇത്തരത്തിലുള്ള ഒരു കർമം മറ്റൊരു കാലഘട്ടത്തിലും കാണാൻ സാധ്യമല്ല.(ചശ്മയെ മഅ്രിഫ, റൂഹാനീ ഖസാഇൻ, വാല്യം 23, പേജ് 77)

അതായത് ഇസ്‌ലാം തുടക്കത്തിൽ പരക്കുകയും ഈ നാടുകളിൽ ശിർക്ക് അവസാനിക്കുകയും ചെയ്തത് വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളെ പ്രാവർത്തികമാക്കിയതു കൊണ്ടായിരുന്നു. അതുപോലെ നമ്മുടെ കഴിഞ്ഞ കാല തലമുറ ഇസ്‌ലാം സ്വീകരിച്ചു. എന്നാൽ, നമ്മൾ അതനുസരിച്ചു പ്രവർത്തിക്കാതെ വീണ്ടും ജഹാലത്തിലേക്കുതന്നെ തിരിച്ചുപോകുകയാണ്. വിശുദ്ധ ഖുർആനിന്റെ അധ്യാപനം ഉന്നതമായ അധ്യാപനമാകുന്നു. തത്സംബന്ധമായി വാഗ്ദത്ത മഹ്ദി മസീഹ്(അ) പറയുന്നു:

"ലോകരംഭകാലത്തുവന്ന ഗ്രന്ഥത്തെ സംബന്ധിച്ച് ബുദ്ധി വ്യക്തമായും മനസ്സിലാക്കി തരുന്നത് അത് സമ്പൂർണ ഗ്രന്ഥം ആയിരുന്നില്ലെന്നാണ്. അതായത് ആരംഭകാലത്ത് വന്ന ഗ്രന്ഥങ്ങളൊന്നും സമ്പൂർണമല്ലെന്ന് നേർബുദ്ധി മനസ്സിലാക്കിത്തരുന്നു. മറിച്ച് അവ കുട്ടികൾക്ക് അക്ഷരമാല പഠിപ്പിക്കുന്ന അധ്യാപകരെപോലെ മാത്രമായിരുന്നു. കുട്ടികൾക്ക് അലിഫ്, ബെ, പേ എല്ലാം പഠിപ്പിക്കുന്നതുപോലെ! ആരംഭകാല പഠനത്തിന് വലിയ യോഗ്യതയുടെയൊന്നും ആവശ്യമില്ല. അതായത് പ്രൈമറി പഠനത്തിന് കുട്ടികൾക്ക് എ ബി സി പഠിപ്പിക്കുന്നതിനോ അലിഫ് ബെ ജീം പഠിപ്പിക്കുന്നതിനോ വലിയ യോഗ്യതയൊന്നും വേണ്ട. എന്നാൽ, മനുഷ്യൻ അനുഭവങ്ങളിലൂടെ പുരോഗതി പ്രാപിച്ച കാലഘട്ടത്തിൽ, മനുഷ്യൻ പലവിധ തിന്മകളിലും അകപ്പെട്ടപ്പോൾ അവന് അതിസൂക്ഷ്മമായ അധ്യാപനം അനിവാര്യമായിത്തീർന്നു. പ്രത്യേകിച്ചും വഴികേടിന്റെ അന്ധകാരം ലോകത്ത് പരക്കുകയും മനുഷ്യമനസ്സുകൾ അറിവുകളുടെയും കർമങ്ങളുടെയും വഴികേടിൽ അകപ്പെടുകയും ചെയ്തപ്പോൾ ഉന്നതവും സമ്പൂർണവുമായ അധ്യാപനം അനിവാര്യമായിത്തീർന്നു. അത് വിശുദ്ധഖുർആനാകുന്നു. എന്നാൽ, ആരംഭ കാലത്തുവന്ന ഗ്രന്ഥത്തിൽ ഉന്നത തലത്തിലുള്ള അധ്യാപനം ആവശ്യമില്ലായിരുന്നു. കാരണം അന്ന് മനുഷ്യന്റെ മനസ്സ് തികച്ചും നിഷ്കളങ്കമായിരുന്നു. അതിലൊരു അന്ധകാരത്തിന്റേയും വഴികേടിന്റേയും കലർപ്പില്ലായിരുന്നു. എന്നാൽ, അന്ധകാരത്തിന്റെ പാരമ്യതയിൽ വരുന്ന ഈ ഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം ഉന്നതമായ അധ്യാപനം അതിലുണ്ടാകേണ്ടത് അനിവാര്യമായിരുന്നു. അത് തെറ്റായ വിശ്വാസങ്ങൾ മനസ്സിൽ കുടിയിരുത്തിയിട്ടുള്ള ആളുകളുടെ പരിഷ്കരണത്തിനു വേണ്ടിയാണ് വരുന്നത്. അവർ ദുഷ്കർമങ്ങൾ പതിവാക്കിയവരായിരുന്നു."(ചശ്മയെ മഅ്രിഫ, റൂഹാനീ ഖസാഇൻ, വാല്യം 23, പേജ് 70 അടിക്കുറിപ്പ്)

വിശുദ്ധ ഖുർആനിന്റെ അധ്യാപനം, അത് വന്ന ഘട്ടത്തിൽ മനുഷ്യന്റെ ബുദ്ധി mature അഥവാ പക്വമായിട്ടുണ്ടായിരുന്നു. കാര്യങ്ങൾ മനസ്സിലാക്കി തുടങ്ങിയിട്ടുണ്ടായിരുന്നു. ദുഷ്കൃത്യങ്ങളും പരമ്യത്തിലെത്തിയിരുന്നു. മനുഷ്യൻ അതിൽ ആണ്ടുപോകുകയായിരുന്നു. ആ സമയത്ത് അവന്റെ ബുദ്ധിക്ക് അനുസൃതമായ അധ്യാപനമാണ് വരേണ്ടിയിരുന്നത്. വിശുദ്ധ ഖുർആൻ ആഗോള ഗ്രന്ഥമാണെന്നതിനെ കുറിച്ച് ആ മഹാത്മാവ് പറയുന്നു: "ഓർക്കുക, യഥാർഥത്തിൽ മനുഷ്യന്റെ ആരംഭഘട്ടത്തിലും ഒരു വെളിപാടുഗ്രന്ഥം മനുഷ്യന് കിട്ടിയിരുന്നു. ഇവിടെ ആരെങ്കിലും ആരംഭകാലത്തുതന്നെ ഒരു ഗ്രന്ഥം മനുഷ്യന് എന്തുകൊണ്ട് നൽകപ്പെട്ടില്ലെന്നും ഓരോ സമുദായത്തിനും വെവ്വേറെ ഗ്രന്ഥങ്ങൾ നല്കപ്പെട്ടില്ലെന്നും ചോദിക്കുകയാണെങ്കിൽ, അതിനുള്ള മറുപടി ഇതാകുന്നു; ആരംഭകാലത്ത് വളരെ കുറഞ്ഞ ജനങ്ങൾ മാത്രമാണുണ്ടായിരുന്നത്. ഒരു ജനത എന്ന് പറയപ്പെടാൻ മാത്രമുള്ള സംഖ്യപോലും ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവർക്ക് ഒരു ഗ്രന്ഥം തന്നെ ധാരാളമായിരുന്നു. പിന്നീട് ലോകത്ത് മനുഷ്യൻ വ്യാപിക്കുകയും ഭൂമിയുടെ ഓരോ ഭാഗത്തും ജനതകളുണ്ടാകുകയും ചെയ്തു. വിദൂരതകൾ കാരണം ഒരു ജനതയുടെ അവസ്ഥകളെ കുറിച്ച് മറ്റൊരു ജനതക്ക് അറിയാൻ പ്രയാസമായിരുന്നു. അങ്ങനെയുള്ള കാലത്ത് അല്ലാഹുവിന്റെ യുക്തി ആഗ്രഹിച്ചത് ഓരോ ജനതയ്ക്കും വെവ്വേറെ പ്രവാചകന്മാരും ദൈവിക ഗ്രന്ഥങ്ങളും നല്കപ്പെടണമെന്നാണ്. അങ്ങനെ തന്നെയാണ് സംഭവിച്ചതും. പിന്നീട് മനുഷ്യൻ പുരോഗതി പ്രാപിക്കുകയും പരസ്പരം കൂടിക്കാഴ്ചയ്ക്കുള്ള മാർഗങ്ങൾ തുറക്കുകയും ഒരു നാട്ടിലെ ജനങ്ങൾ മറ്റു നാട്ടിലെ ജനങ്ങളുമായി കൂടിക്കാഴ്ചയ്ക്കുള്ള സംവിധാനമുണ്ടാകുകയും ഈ ഭൂപ്രദേശങ്ങളിൽ മനുഷ്യൻ വസിക്കുന്നുവെന്ന അറിവുണ്ടാകുകയും ചെയ്തപ്പോൾ അല്ലാഹു ആഗ്രഹിച്ചത് അവരെല്ലവരെയും വീണ്ടും ഒരു ജനതപോലെ ആക്കാനും വിഘടിച്ചവരെ ഒന്നിച്ച് ചേർക്കാനുമാണ്. അപ്പോൾ അല്ലാഹു എല്ലാ നാടുകൾക്കുംവേണ്ടി ഒരു ഗ്രന്ഥം അയച്ചു. തുടർന്ന് ആ ഗ്രന്ഥത്തിൽ കൽപന നൽകിക്കൊണ്ടു പറഞ്ഞു: ഈ ഗ്രന്ഥം വ്യത്യസ്ത കാലഘട്ടങ്ങളിൽ ഏതു നാടുകളിലെത്തുകയാണെങ്കിലും അവരെ സംബന്ധിച്ചിടത്തോളം അവർ അത് സ്വീകരിക്കേണ്ടതും അനുസരിക്കേണ്ടതും അനിവാര്യമാകുന്നു. ആ ഗ്രന്ഥം വിശുദ്ധ ഖുർആനാകുന്നു. അത് എല്ലാ രാജ്യങ്ങളിലും പരസ്പരം ബന്ധമുണ്ടാക്കുന്നതിനുവേണ്ടിയാണ് വന്നത്. വിശുദ്ധ ഖുർആനുമുമ്പേ വന്ന ഗ്രന്ഥങ്ങളെ

## ത്വാലിബെ ദുആ

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)




SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.' (ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ല്ലാം പ്രത്യേകം ജനതകൾക്ക് വേണ്ടിയുള്ളതായിരുന്നു. അതായത് സിറിയക്കാർക്കും പേർഷ്യക്കാർക്കും ഇൻഡ്യക്കാർക്കും ചൈനക്കാർക്കും ഈജിപ്തുകാർക്കും റോമക്കാർക്കും വന്ന ഗ്രന്ഥങ്ങളും ദൈവദൂതന്മാരും അവരുടെ ജനതകൾക്കുമാത്രം പരിമിതമായിരുന്നു. മറ്റു ജനതകളുമായി അവർക്ക് ഒരു തരത്തിലുള്ള ബന്ധവും അടുപ്പവും ഇല്ലായിരുന്നു. എന്നാൽ, എല്ലാത്തിനുംശേഷം വന്ന വിശുദ്ധ ഖുർആൻ ഒരു ആഗോള ഗ്രന്ഥമാകുന്നു. അതേതെങ്കിലും പ്രത്യേക സമുദായത്തിനു വേണ്ടിയുള്ളതല്ല. മറിച്ച് സർവ്വ ജനതയ്ക്കും വേണ്ടിയുള്ളതാകുന്നു. അതുപോലെതന്നെ വിശുദ്ധ ഖുർആൻ പതിയെപ്പതിയെ ഒരു ജനതയായിത്തീരാൻ പോകുന്ന ഉമ്മത്തിനുവേണ്ടിയാണ് വന്നത്. അതുകൊണ്ട് ഇക്കാലഘട്ടത്തിനുവേണ്ടി വിവിധ ജനതകൾക്ക് ഏകത്വത്തിന്റെ നിറംപകരാൻ സംവിധാനമു ണ്ടായി. ഒരു സമുദായമായിത്തീരാൻ അനിവാര്യമായ കൂടിക്കാഴ്ചകൾ എളുപ്പമായിത്തീരുകയും വർഷങ്ങളുടെ വഴികൾ ഏതാനും ദിവസങ്ങൾ കൊണ്ട് താണ്ടാൻ കഴിയുകയും ചെയ്യുന്നു. വർഷങ്ങൾ കഴിഞ്ഞാലും വിദൂര രാജ്യങ്ങളിലുള്ള വാർത്തകൾ അറിയാൻ കഴിയാതിരുന്ന സ്ഥലങ്ങളിൽനിന്ന് സന്ദേശങ്ങൾ ഒരു മിനിറ്റുകൊണ്ടുതന്നെ എത്തുമാറായി. ലോകത്ത് ഒരു വലിയ വിപ്ലവം സംജാതമായി. സാംസ്കാരികമായ നീർച്ചാലുകളുടെ വഴികൾ നമുക്ക് വ്യക്തമായും മനസ്സിലാക്കി തരുന്നതെന്തെന്നാൽ ലോകത്ത് പരന്നു കിടക്കുന്ന എല്ലാ ജനതകളെയും ഒരു സമുദായമാക്കണമെന്നും സഹസ്രാബ്ദങ്ങളായി പിരിഞ്ഞിരിക്കുന്നവരെ ഒരുമിച്ചുകൂട്ടണമെന്നുമാണ് അല്ലാഹു ആഗ്രഹിക്കുന്നതെന്നാണ്. ഈ കാര്യങ്ങളെല്ലാം വിശുദ്ധ ഖുർആനിലുള്ളതാണ്. വിശുദ്ധ ഖുർആൻ മാത്രമാണ് വ്യക്തമായ നിലയിൽ എല്ലാ സമുദായങ്ങളോടും ഇങ്ങനെ പ്രഖ്യാപിക്കുകയും ചെയ്യുന്നത്. അതായത് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: *യാ അയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅൻ*(7:159) പറയുവിൻ! ഓ മനുഷ്യരേ! സത്യമായും നിങ്ങളിലെല്ലാവരിലേക്കും(നിയുക്തനായ) അല്ലാഹുവിന്റെ ദൂതനാണു ഞാൻ.' വീണ്ടും പറയുന്നു: '*വമാ അർസൽനാക്ക ഇല്ലാ റഹ്മത്തൻല്ലിൽ ആലമീൻ*.(21:108) അതായത് നാം നിന്നെ ലോകത്തിനു ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത്. തുടർന്ന് പറയുന്നു. *ലി യകൂന ലിൽ ആലമീന നദീറൻ*(25:2) സർവലോകത്തിനും മുന്നറിയിപ്പുകാരനാകുന്നതിന് അതായത് നാം ഇതിനെ ലോകത്തിന് മുഴുവനും താക്കീത് നൽകുന്നതിനുവേണ്ടിയാണ് അയച്ചിട്ടുള്ളത്. മാത്രമല്ല നാം വളരെ ഉച്ചയ്സ്ഥരം പ്രഖ്യാപിക്കുകയാണ്, വിശുദ്ധ ഖുർആനിനു മുമ്പേ വന്ന ഒരു ദൈവിക ഗ്രന്ഥവും ഇത്തരം ഒരു വാദവും ഉന്നയിച്ചിട്ടില്ല. പ്രത്യുത ഓരോ ഗ്രന്ഥവും അതിന്റെ നിയോഗോദ്ദേശ്യം അതിന്റെ ജനതയിലേക്ക് മാത്രം നിജപ്പെടുത്തുകയാണ് ചെയ്തത്. എത്രത്തോളമെന്നാൽ ക്രിസ്ത്യാനികൾ പിന്നീട് ദൈവമാക്കിയ പ്രവാചകന്റെ അധരത്തിൽനിന്നു വന്ന വാക്കുകൾ, താൻ ഇസ്റാഈൽഗോത്രത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ നിയോഗിക്കപ്പെട്ടിട്ടില്ലെന്നായിരുന്നു. ഹദ്റത്ത് ഈസാ(അ) ബൈബിളിൽ അതുതന്നെയാണ് പറഞ്ഞത്. അതുകൊണ്ട് ഈ കാലഘട്ടത്തിന്റെ അവസ്ഥകൾ വിശുദ്ധ ഖുർആനിന്റെ പൊതുവായ പ്രചാരണ ദൗത്യം യഥാസമയത്ത് ആണെന്ന് സാക്ഷ്യം വഹിക്കുന്നു. കാരണം നബി(സ) തിരുമേനിയുടെ ആഗമനഘട്ടത്തിൽ പൊതുവായ സന്ദേശപ്രചാരണത്തിനുള്ള കവാടം തുറക്കപ്പെട്ടിരുന്നു."(ചശ്മയെ മഅ്രിഫ, റൂഹാനീഖസാഇൻ വാള്യം 23, പേജ് 74–77)

തുടർന്ന് വിശുദ്ധ ഖുർആനിന്റെ നാലു കാര്യഹേതുക്കളാണ്. നാലു അടിസ്ഥാന ഗുണങ്ങളെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "ഓരോ കാര്യത്തിനും നാല് അടിസ്ഥാന കാര്യഹേതുക്കളുണ്ടെന്ന് ആ മഹാത്മാവ് പറയുന്നു. അതായത്, നാല് അടിസ്ഥാന കാരണങ്ങൾ എന്തെന്നാൽ ഒന്ന് *ഇല്ലത്തെ ഫായിലീ* അഥവാ അതിന്റെ കർത്താവ് ആരാണ്? അതിനുള്ള കാരണങ്ങൾ എന്താണ്? രണ്ട് *ഇല്ലത്തെ സ്വുവരി* അഥവാ അതിന്റെ ബാഹ്യവും പ്രായോഗികവുമായ വശങ്ങൾ എന്തൊക്കെയാണ്? മൂന്ന് *ഇല്ലത്തെ മാദ്ദി* അഥവാ അതിന്റെ ഭൗതിക നേട്ടങ്ങൾ എന്തെല്ലാമാണ്? നാല് *ഇല്ലത്തെ ഗായി* അഥവാ അതിന്റെ യഥാർഥ കാരണം, അവയുടെ അടിസ്ഥാനപരവും മൊത്തത്തിലുള്ളതുമായ കാരണം എന്തെല്ലാമാണ്. ഈ അവസരത്തിൽ വിശുദ്ധ ഖുർആനിന്റെ നാലു കാര്യഹേതുക്കളെ കുറിച്ചാണ് പരാമർശിക്കുന്നത്. പറയുന്നു: 'ഈ ഗ്രന്ഥത്തിന്റെ *ഇല്ലത്തെ ഫായിലീ, അലിഫ് ലാം മീം* ആണ്. എന്റെ അഭിപ്രായത്തിൽ *അലിഫ് ലാം മീം* എന്നതിന് *അനാ അല്ലാഹു അഅ്ലമു* എന്നാണ് അർഥം. അതായത് ഞാൻ എല്ലാം അറിയുന്നവനായ അല്ലാഹുവാണ്. അതായത്, ഒരു മനുഷ്യന്റെ ജനനത്തിന്റെ ഉദ്ദേശ്യമെന്താണെന്ന് സർവ്വശക്തനായ അല്ലാഹുവിന് അറിയാം. ദാലിക്കൽ കിത്താബു എന്നതാണ് ഇല്ലത്തെ മാദ്ദി അതായത്, ഈ ഗ്രന്ഥം അവതരിക്കപ്പെട്ടിട്ടുള്ളത് എല്ലാം അറിയുന്ന സർവശക്തനായ അല്ലാഹുവിൽ നിന്നാണ്. അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് മനുഷ്യന് അതിലൂടെ വലിയ നേട്ടങ്ങൾ നേടാനാകും. ലാ റയ്ബ ഫീഹി എന്നതാണ് ഇല്ലത്തെ സ്വുവരി അതായത് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതയും പൂർണതയും എന്നു പറയുന്നത് അതിൽ ഒരു സംശയവുമില്ലെന്നതാണ്. ഇത് പകരം വെക്കാനില്ലാത്ത മനോഹരമായ അധ്യാപനമാണ്. സുസ്ഥിരമായ കാര്യങ്ങളും യുക്തിസഹവും പ്രബുദ്ധവുമായ വാദങ്ങളുമാണ്. കൂടാതെ ഹുദൻല്ലിൽ മുത്തഖീൻ എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ഇല്ലത്തെ ഗായി. അതായത് ഭയഭക്തിയുള്ളവർക്ക് മാർഗനിർദേശം നൽകുക എന്നതാണ് ഈ ഗ്രന്ഥത്തിന്റെ അവതരണ ഉദ്ദേശ്യവും ലക്ഷ്യവും."(മൽഫൂദാത്ത് വാള്യം 8, പേജ് 306–307) ഇതാണ് ഒരു യഥാർഥ ഗ്രന്ഥത്തിന്റെ മതപരമായ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യമായിരിക്കേണ്ടത്."

സൂറത്ത് ബഖറയിലെ ഒന്നും രണ്ടും മൂന്നും ആയത്തുകൾ പരിഭാഷപ്പെടുത്തിക്കൊണ്ട് മഹ്ദീ മസീഹ്(അ) പറയുന്നു: "വിശുദ്ധ ഖുർആനിന്റെ ഇല്ലത്തെ ഗായി ഭയഭക്തിയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് അത് ഉയർന്ന തലത്തിലുള്ള അനിവാര്യമായ കാര്യമാണെന്ന് സ്ഥാപിച്ചിരിക്കുന്നു. അതിനാൽ, രണ്ടാമത്തെ സൂറത്ത് ആരംഭിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു: *അലിഫ് ലാം മീം ദാലിക്കൽകിതാബു ലാ റയ്ബ ഫീഹി ഹുദൻല്ലിൽ മുത്തഖീൻ.* വിശുദ്ധ ഖുർആനിന്റെ ഈ ക്രമീകരണം മഹത്തായ ക്രമീകരണമാണെന്നാണ് എന്റെ വിശ്വാസം. അല്ലാഹു അതിൽ നാലു കാരണങ്ങൾ വ്യക്തമാക്കിയിരിക്കുന്നു. അഥവാ നാലു അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങൾ. ഇല്ലത്തെ ഫായിലീ, ഇല്ലത്തെ സ്വുവരി, മാദ്ദി, ഗായി. എല്ലാ വസ്തുക്കളോടൊപ്പവും ഈ നാലു കാരണങ്ങളാണുണ്ടാകുക. വിശുദ്ധ ഖുർആൻ പരിപൂർണമായ നിലയിൽ ഇത് പ്രകടമാക്കുന്നു. അലിഫ് ലാം മീം എന്നത് സൂചിപ്പിക്കുന്നത് അല്ലാഹു എല്ലാം അറിയുന്നവനാണെന്നും അവനാണ് ഈ വചനത്തെ നബി(സ)തിരുമേനിയിൽ ഇറക്കിയതെന്നുമാണ്. അതായത് അല്ലാഹുവാണ് അതിന്റെ കർത്താവ്. ദാലിക്കൽ കിത്താബു ഇത് മൂലധാതു പറഞ്ഞിരിക്കുകയാണ്. അതായത് വിശുദ്ധ ഖുർആൻ. അല്ലെങ്കിൽ ഇല്ലത്തെമാദ്ദി എന്നു പറഞ്ഞുകൊള്ളുക. അതായത് ഖരാവസ്ഥയിൽ നമ്മുടെ കൈയിലുള്ള ഗ്രന്ഥവും ഒരു ഗ്രന്ഥമാണ്. ഇതനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് മനുഷ്യന് അവന്റെ ഉദ്ദേശ്യം കൈവരിക്കാൻ കഴിയുന്നു. ലാ റയ്ബ ഫീഹി എന്നത് ഇല്ലത്തെ സ്വുവരിയാണ്, അഥവാ എല്ലാ വസ്തുക്കളിലും സംശയങ്ങളും ദുർധാരണകളും ഉണ്ടായേക്കാം. എന്നാൽ, വിശുദ്ധ ഖുർആൻ ഒരു സംശയവുമില്ലാത്ത ഗ്രന്ഥമാണ്. ലാ റയ്ബ് അതിനുള്ളതാണ്. അല്ലാഹു ഈ ഗ്രന്ഥത്തിന്റെ മഹത്ത്വം ലാ റയ്ബ് ആണെന്ന് പറയുമ്പോൾ സ്വാഭാവികമായും, ഓരോ സദൃത്തനും അനുഗ്രഹീതനുമായ വ്യക്തിയുടെ ആത്മാവ് സന്തോഷിക്കുകയും അതിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നതായിരിക്കും. വിശുദ്ധ ഖുർആനിന്റെ പരിപൂർണവും പരിപാവനവുമായ മഹത്ത്വവും വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതകളും പ്രത്യേകതകളും ലോകത്തിന് മുമ്പിൽ അവതരിപ്പിക്കപ്പെടുന്നില്ലെന്ന് ഖേദത്തോടെ പറയട്ടെ. അതിന്റെ സൗന്ദര്യത്തിന് ഹൃദയം അതിലേക്ക് അനിയന്ത്രിതമായി ആകർഷിക്കുന്ന തരത്തിലുള്ള ഒരു ആകർഷണശക്തിയുണ്ട്.

ഉദാഹരണത്തിന്, മനോഹരമായ ഒരു പൂന്തോട്ടത്തെ കുറിച്ച് വിവരിക്കുമ്പോൾ അതിലെ സുഗന്ധമുള്ള വൃക്ഷങ്ങളേയും, ഹൃദ്യമായ ഔഷധസസ്യങ്ങളേയും, അരുവികളേയും, ഒഴുകുന്ന ശുദ്ധജലമുള്ള നദികളേയും പുഴകളേയും

## • ഹദീഥുന്നബ്വി(സ): •

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി ന്lകുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."(അബൂദാവൂദ്, കിതാബുൽമനാസിക്)**

## • കലാമുൽ ഇമാം •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

**(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ: NEWTECH. INTERNATIONAL(P)LTD
SRINGILS AND GLASS WORK ,ERNAKULAM. CONT: 79025 95215

ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA CONT: 80752 22792

പരാമർശിക്കുകയാണെങ്കിൽ, ഓരോ വ്യക്തിയും അത് സന്ദർശിക്കാനും ആസ്വദിക്കാനും ഹൃദയപൂർവ്വം ആഗ്രഹിക്കുന്നതാണ്. അതിൽ വിട്ടുമാറാത്തതും വളരെ പഴകിയതുമായ രോഗങ്ങൾ സുഖപ്പെടുത്തുന്ന ചില നീരുറവകളുണ്ടെന്നുകൂടി പറഞ്ഞാൽ, ആളുകൾ കൂടുതൽ ആവേശത്തോടെയും ആവശ്യത്തോടെയും അവിടേക്ക് ഓടുന്നതാണ്. അതുപോലെ വിശുദ്ധ ഖുർആനിന്റെ ഗുണങ്ങളും പ്രത്യേകതകളും വളരെ മനോഹരവും ഫലപ്രദവുമായ വാക്കുകളിൽ വിവരിച്ചാൽ, ആത്മാവ് പൂർണ ആവേശത്തോടെ അതിലേക്ക് കുതിക്കുന്നു. യഥാർഥത്തിൽ ആത്മാവിന്റെ സാന്ത്വനവും സന്തോഷവും ലഭ്യമാക്കാനുള്ള കാര്യങ്ങൾ, ആത്മാവിന്റെ യഥാർഥ ആവശ്യങ്ങൾ നിറവേറ്റുന്നത് വിശുദ്ധ ഖുർആൻതന്നെയാണ്.

അതുകൊണ്ടാണ് അല്ലാഹു *ഹുദൻല്ലിൽമുത്തഖീൻ* എന്ന് പറഞ്ഞത്: "അതായത് ഭക്തർക്ക് മാർഗദർശനമുണ്ടെന്ന്! മറ്റൊരിടത്ത് *ലാ യമുസ്സുഹു ഇല്ലൽ മുത്വഹ്ഹറൂൻ* എന്ന് പറയുന്നു. പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇത് സ്പർശിക്കുകയില്ല.(56:80) പറയുന്നു: അതുകൊണ്ട് അർഥമാക്കുന്നത് ഹുദൻല്ലിൽ മുത്തഖീനിൽ പറഞ്ഞിട്ടുള്ള മുത്തഖീൻ ആണ്. ഇതിൽനിന്ന് സ്പഷ്ടമായും മനസ്സിലാകുന്നത് ഖുർആനികജ്ഞാനത്തിന്റെ വെളിപ്പെടലിന് തഖ്‌വാ നിബന്ധനയാണെന്നാണ്."(മൽഫൂദാത്ത് വാള്യം 1, പേജ് 424–425, 1984 പതിപ്പ്)

പക്ഷേ, തഖ്‌വയിൽനിന്ന് വിദൂരപ്പെട്ടിരിക്കുന്ന ഇക്കാലത്തെ നാമധാരികളായ പണ്ഡിതന്മാർ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളെ ഇസ്ലാമിന്റെ എതിരാളികൾക്ക് കൂടുതൽ ആക്ഷേപിക്കാൻ അവസരങ്ങൾ കൊടുക്കുന്ന രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. എന്നാൽ, ഇന്ന് നമ്മളിൽ ഭക്തി വളർത്തിയെടുത്തുകൊണ്ട് ഈ അധ്യാപനത്തിന്റെ ഗുണങ്ങൾ വാക്കുകളിലൂടെയും പ്രവർത്തിയിലൂടെയും പ്രകടമാക്കേണ്ടത് അഹ്മദികളായ നമ്മുടെ കടമയാണ്. വിശുദ്ധ ഖുർആൻ എല്ലാവിധ രോഗങ്ങൾക്കുമുള്ള ശമനൗഷധമാണെന്നും അത് അയച്ച ദൈവം ലോകത്തെ സംസ്കരിക്കുന്നതിനുവേണ്ടിയാണ് അയച്ചതെന്നും ലോകത്തോട് പറയേണ്ടതാണ്. അല്ലാഹു നമുക്ക് തഖ്‌വാ കരസ്ഥമാക്കിക്കൊണ്ട് അത് പ്രാവർത്തികമാക്കാനുള്ള തൗഫീഖ് നൽകിയനുഗ്രഹിക്കുമാറാകട്ടെ."

വളരെ ആഴത്തിലുള്ള വിഷയമാണ്. വളരെ ശ്രദ്ധയോടെ കേൾക്കേണ്ടതും വളരെ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടിയുമിരിക്കുന്നു. വിശുദ്ധ ഖുർആൻ വളരെ ശ്രദ്ധയോടെ പാരായണം ചെയ്യേണ്ടതാണ്.

ഇനി ഞാൻ ഒരു ദുആക്കുള്ള വിളംബരം ചെയ്യാൻ ആഗ്രഹിക്കുകയാണ്.

ഈ ദിവസങ്ങളിൽ ബംഗ്ലാദേശിൽ വാർഷിക ജൽസ നടക്കുകയാണ്. ഇന്ന് അവരുടെ ആദ്യ ദിവസമായിരുന്നു. എന്നാൽ, എതിരാളികൾ അവിടെ അതിക്രമിച്ചുകയറി ജൽസാ ഗാഹിൽ ആക്രമണം നടത്തി, നിരവധി പേർക്ക് പരിക്കേറ്റു. പുറത്ത് നിന്നുള്ള അവരുടെ ആക്രമണത്തിൽ, ചിലർക്ക് പരിക്കേറ്റു, ചിലർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ പ്രദേശത്തുണ്ടായിരുന്ന അഹ്മദികളിൽ ചിലരുടെ വീടുകളും അഗ്നിക്കിരയാക്കിയിട്ടുണ്ട്. ഇതുവരെ ലഭ്യമായ വിവരങ്ങളനുസരിച്ച് എത്ര നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്ന് ഇതുവരെ പൂർണ്ണമായ നിഗമനത്തിൽ എത്തിച്ചേർന്നിട്ടില്ല. അല്ലാഹു അവരുടെ ദോഷപ്രവർത്തിയിൽനിന്നു അഹ്മദികളെ കാത്തുരക്ഷിക്കുകയും കുറ്റവാളികളെ പിടികൂടുകയും ചെയ്യുമാറാകട്ടെ. ഇനി അവരുടെ സന്മാർഗസ്വീകരണത്തിന് ദുആയും സംഭാവ്യമല്ല **അല്ലാഹുമ്മ മസ്സിഖ്ഹും കുല്ല മുമസ്സഖിൻ വസഹ്ഹിഖ്ഹും തസ്ഹീഖാ** എന്ന പ്രാർഥന മാത്രമാണ് അവർക്കായി നാവിൽ നിന്നും ഹൃദയത്തിൽ നിന്നും പുറപ്പെടുന്നത്.

അതുപോലെ പാകിസ്താനിലെ സ്ഥിതി നന്നാകുന്നതിനുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവിടെയും അഹ്മദികളുടെ അവസ്ഥകൾ ശരിയാക്കുമാറാകട്ടെ. ബുർക്കിനോ ഫാസോയിലും അപകടങ്ങൾ ഉയർന്നുവരുന്നുണ്ട്. അവർക്കുവേണ്ടിയും ദുആ ചെയ്യുക. അതുപോലെ, അൾജീരിയയിൽ അഹ്മദികൾക്കെതിരെ ചില കേസുകളുണ്ട്. അവർക്കുവേണ്ടിയും പ്രാർഥിക്കുക. അല്ലാഹു എല്ലായിടത്തും അഹ്മദികളെ സംരക്ഷിക്കുമാറാകട്ടെ. ബംഗ്ലാദേശിൽ, ഞാൻ പറഞ്ഞതുപോലെ, 'വിഷമിക്കേണ്ട, ജൽസ നടത്തിക്കൊള്ളുക തങ്ങൾ പൂർണ സുരക്ഷ നൽകുന്നതാണെന്ന് ഭരണകൂടം നമ്മളോട് പറഞ്ഞതാണ്.' എന്നാൽ, കലാപകാരികളും തീവ്രവാദികളും തീവ്രവാദികളായ മുല്ലാക്കളും അവരുടെ സൈന്യവുമായി എത്തിയപ്പോൾ പോലീസ് അവിടെ നോക്കുകുത്തികളായി നിൽക്കുകയായിരുന്നു, ഒരു നടപടിയും സ്വീകരിച്ചില്ല. ഏതായാലും നമ്മൾ അല്ലാഹുവിനെ വണങ്ങുകയും അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു നമ്മുടെ സഹോദരങ്ങളുടെ പ്രശ്നങ്ങൾ ഉടൻ അകറ്റുമാറാകട്ടെ.

## മലിനമാക്കാതിരിക്കുക

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:

"അല്ലാഹു മുത്തഖിയെ സ്നേഹിക്കുന്നു. അല്ലാഹുവിന്റെ മഹത്ത്വത്തെ ഓർമിച്ച് എല്ലാവരും ഭക്തിയോടെ ഇരിക്കുക. ഓർമിച്ചുകൊള്ളുവിൻ! എല്ലാവരും അല്ലാഹുവിന്റെ അടിയാറുകളാണ്. ആരേയും ദ്രോഹിക്കരുത്. ആരോടും കോപിക്കരുത്. നിന്ദാ ദൃഷ്ടിയോടെ നോക്കുകയുമരുത്. ജമാഅത്തിൽ മലിനമായ ഒരാളുണ്ടെങ്കിൽ അയാൾ എല്ലാവരേയും മലിനമാക്കുന്നതായിരിക്കും. കോപത്തിലേക്ക് നിങ്ങളുടെ സ്വഭാവം ചായുന്നുവെങ്കിൽ ആത്മപരിശോധന നടത്തുക. കോപത്തിന്റെ ആ അരുവി എവിടെന്നാണ് ഉത്ഭവിച്ചതെന്ന് കണ്ടെത്തുക. ആ സ്ഥലം വളരെ ഗുരുതരമാണ്."

**(മൽഫൂദാത്ത് വാള്യം 1, പേജ് 9)**

**(പേജ് 1ൽനിന്ന്)**

അംഗീകരിക്കുന്നില്ല

യാത്രക്കാരുടെ അവകാശം ഇപ്രകാരമാണ്. അതായത് ഇവർ മറ്റു സ്ഥലങ്ങളിലേക്ക് പോകുമ്പോൾ അവർ അവനോടു നല്ല നിലയിൽ പെരുമാറുന്നു. അതുകൊണ്ട് മറ്റു സ്ഥലത്തുള്ള യാത്രക്കാരെ സേവിക്കുക എന്നത് അവരുടെ നിർബന്ധ കടമയാണ്; ആതിഥ്യത്തിന്റെ കടമ നിർവഹിച്ചുകൊണ്ടിരിക്കാൻ! യാത്രക്കാരന്റെ അവകാശത്തെ സംബന്ധിച്ച് നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ ഏതെങ്കിലും നാട്ടിൽ പോകുമ്പോൾ മൂന്നു ദിവസംവരെ നിങ്ങൾക്ക് ആതിഥ്യം അവകാശപ്പെട്ടതാണ്. സ്വഹാബത്ത് ചോദിച്ചു: യാ റസൂലല്ലാഹ് ! നാട്ടുകാർ തരുന്നില്ലെങ്കിലോ? പറഞ്ഞു. പിടിച്ചെടുത്തും തിന്നാവുന്നതാണ് ! (അബൂദാവൂദ്, വാള്യം 3, കിതാബുൽ അത്ഇമ, ബാബു മാ ജാഅ ഫിള്ളിയാഫത്തി). ഇസ്ലാമിക സംസ്കാരം തുടരുന്നിടങ്ങളിലാണ് ഈ കല്പന പ്രാബല്യത്തിലുണ്ടാകുന്നത്. കാരണം ആ ദിനങ്ങളിൽ മറ്റുള്ളവർക്ക് അതിൽനിന്ന് ആതിഥ്യത്തിന്റെ അവകാശം എടുക്കാൻ കഴിയുന്നതായിരിക്കും. ഈ കല്പന ലോകത്ത് നടപ്പിൽവരുത്തുകയാണെങ്കിൽ ഹോട്ടലുകളും സത്രങ്ങളും കാരണത്താലുണ്ടാകുന്ന ഒരുപാടു ദോഷങ്ങൾ ലോകത്തുനിന്ന് അകന്നുപോകുന്നതാണ്. ദരിദ്രർക്കും ഉന്നതമായ ശിക്ഷണത്തിനുള്ള ഒരു മാർഗമായ ലോകത്തിലെ യാത്ര എളുപ്പമാകുന്നതാണ്. എന്നാൽ, ഖേദകരമെന്നു പറയട്ടെ, മുസ്ലിമീങ്ങൾത്തന്നെയും ഈ കല്പന മറന്നിരിക്കുന്നു.

യാത്രക്കാരോടു നല്ലനിലയിൽ പെരുമാറാനുള്ള ഈ പൊതുവായ കല്പന ലോകത്ത് നിന്ന് ഒരുപാടു കുഴപ്പങ്ങൾ വിപാടനം ചെയ്യാൻ കാരണമാണ്. കാരണം കലഹവും ശത്രുതയും വെറുപ്പുകൊണ്ടാണുണ്ടാകുന്നത്. ഇത്തരത്തിലുള്ള ആതിഥ്യത്തിന്റെ സമ്പ്രദായമുണ്ടെങ്കിൽ വെറുപ്പ് അകലുകയും ഗ്രാമങ്ങളിലേയും രാജ്യങ്ങളിലേയും കലഹങ്ങൾ ഇല്ലാതാകുകയും ചെയ്യും. മറ്റു രാജ്യങ്ങളിലെ ആതിഥ്യങ്ങളിൽനിന്ന് ഫലമെടുത്ത് കഴിഞ്ഞിട്ടുള്ളവർ ഒരിക്കലും ധിറുതിയിൽ അവർക്കെതിരെ പോരാടുന്നതിന് മുതിരുകയില്ല: ദുഷ്ടാത്മാക്കളല്ലാതെ! അവർ നല്ലവരെ അപേക്ഷിച്ച് കുറവാണ്. ഇപ്രകാരംതന്നെ ഈ കല്പനകൊണ്ട് ഗ്രാമങ്ങളുടേയും കസബകളുടേയും വ്യവസ്ഥിതിയ്ക്ക് അടിത്തറയും വീഴുന്നു. കാരണം ആതിഥ്യമര്യാദ മുഴുവൻ ഗ്രാമത്തിലും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ കല്പന നിറവേറ്റുന്നതിന് ഗ്രാമത്തിലുള്ള മുഴുവൻ ഗ്രാമവാസികളും അതിഥികൾക്ക് സേവനം ചെയ്യുന്നവരായിത്തീരുംവിധമുള്ള പരിപാടികൾ ആസൂത്രണം ചെയ്യാൻ നിർബന്ധിതരായിത്തീരണം. ഈ വ്യവസ്ഥിതി അവരുടെ മറ്റു ജോലികളിലും ഫലപ്രദമായി സ്ഥാപിതമാകുന്നതാണ്.

ലാ തുബദ്ദിർ-പറഞ്ഞു: ഉപര്യുക്ത കല്പനകളിൽ സമ്പത്ത് ചെലവഴിക്കുന്നതിന് ഉപദേശിക്കപ്പെട്ടിരിക്കുന്നതിന്റെ ഉദ്ദേശ്യം അമിതവ്യയം ചെയ്യുക എന്നതാണെന്ന് മനസ്സിലാക്കരുത്. നാം ആവശ്യമായ ചെലവുകൾ ചെയ്യാനാണ് കല്പന നല്കിയിട്ടുള്ളത് ഫലമില്ലാതെ അമിതവ്യയം ചെയ്യാനല്ല.

ഇബ്നു മസ്ഊദ്(റ)ന്റെ വാക്യമുണ്ട്. *അത്തബ്ദീറു-അൽഇൻഫാഖു ഫീ ഗയ്രി ഹഖിൻ* അതായത് അനുവദനീയമല്ലാത്ത് ചെലവിനാണ് തബ്ദീർ എന്നു പറയുന്നത്. അതുകൊണ്ട് ഈ കല്പനയിൽ ദീനിപരമായ ചെലവ് പെടുന്നില്ല. ദീനിന്റെ ഏതെങ്കിലും ചെലവിനുവേണ്ടി ആരെങ്കിലും തന്റെ മുഴുവൻ ധനവും അല്ലാഹുവിന്റെ വഴിയിൽ കൊടുത്താലും അത് മുദ്ദിർ ആകുകയില്ല. കാരണം അയാൾ അനാവശ്യമായി ചെലവു ചെയ്തില്ല.

വിശുദ്ധ ഖുർആനിൽ അനാവശ്യ ചെലവിന് മറ്റൊരു സ്ഥലത്ത് വിശദീകരണം ഇങ്ങനെ നല്കിയിരിക്കുന്നു: **വല്ലദീന ഇദാ അൻഫഖൂ ലം യുസ് രിഫൂ വലം യഖ്ത്തുറൂ വ കാന ബയ്ന ദാലിക്കവാമ**(25:68) അതായത് ചെലവഴിക്കുമ്പോൾ അമിതമാക്കാൻ പാടില്ല, ലുബ്ധ കാണിക്കാനും പാടില്ല. അവ രണ്ടിനുമിടയിൽ മിതമായ വഴി സ്വീകരിക്കണം. (തഫ്സീറെ കബീർ വാള്യം 4, പേജ് 323-324, പ്രസാധനം ഖാദിയാൻ 2010)

അത്യുന്നതമായ ഒരു അസ്തിത്വത്തിൽ വിശ്വസിക്കാത്തിടത്തോളം യഥാർഥ സമാധാനം സ്ഥാപിതമാകുകയില്ല. അല്ലാഹു സമാധാനം നൽകുന്നവനാണെന്ന വിശ്വാസം നബി(സ)തിരുമേനി മുഖേന ഇസ്‌ലാം മാത്രമാണ് അവതരിപ്പിച്ചത്.

**''അല്ലയോ യൂറേപ്പേ!നീയും രക്ഷയിലല്ല. അല്ലയോ ഏഷ്യാ!നീയും സുരക്ഷിതയല്ല. അല്ലയോ ദ്വീപുകളിൽ വസിക്കുന്നവരേ! ഒരു ക്രിത്രിമ ദൈവവും നിങ്ങളെ സഹായിക്കുകയില്ല. നഗരങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനസമൃദ്ധമായ സ്ഥലങ്ങൾ ജനശൂന്യമാകുന്നതും ഞാൻ കാണന്നു.''(ഹദ്‌റത്ത് മസീഹ് മൗഊദ്)**

അത്തരം ഘട്ടത്തിൽ പ്രതീക്ഷയുടെ കിരണവും സമാധാനത്തിന്റെ ജാമ്യവും നല്കാൻ ആർക്കെങ്കിലും സാധ്യമെങ്കിൽ സമാധാനത്തിന്റേയും ശാന്തിയുടേയും അധ്യാപനവുമായി അല്ലാഹു ലോകത്തയച്ച ഒരാൾക്കു മാത്രമെ കഴിയുകയുള്ളു. അദ്ദേഹം സമാധാനത്തിന്റെ ചക്രവർത്തിയാണ്.അല്ലാഹുവിന് എല്ലാ മനുഷ്യരെക്കാളും ഏറെ ഇഷ്ടപ്പെട്ട വ്യക്തി അദ്ദേഹമാണ്. അദ്ദേഹത്തിനുമേൽ സമ്പൂർണവും തികവുറ്റതും അവസാനത്തേതുമായ അല്ലാഹുവിന്റെ ശരീഅത്ത് ഇറങ്ങി. അതിന്റെ അധ്യാപനം അനുരക്തിയുടേയും സ്നേഹത്തിന്റേതുമാണ്.

വ്യക്തിയ്ക്കും കുടുംബത്തിനും വംശത്തിനും ദേശത്തിനും രാജ്യത്തിനുമതീതമായി സ്ഥാപിക്കാൻ ശ്രമിക്കുമ്പോഴാണ് യഥാർഥ സമാധാനമുണ്ടാകുന്നത്. ഒരു കേന്ദ്രഅച്ചുതണ്ട് കൈവരിക്കുന്നതിനുവേണ്ടി ചെയ്യുമ്പോഴാണ്. ഇതു സംഭാവ്യമാകുന്നത്, തന്റെ മേൽ ഒരു ഉന്നത അസ്തിത്വമുണ്ടെന്നും അവൻ തനിക്കുവേണ്ടിമാത്രമല്ല സമാധാനം ആഗ്രഹിക്കുന്നതെന്നും പ്രത്യുത മുഴുലോകത്തിനുവേണ്ടിയുമാണ് ആഗ്രഹിക്കുന്നതെന്നും മനസ്സിലാക്കുമ്പോഴാണ്.

അല്ലാഹു തന്റെ പ്രകാശം - അത് ഹദ്‌റത്ത് മുഹമ്മദു റസൂലുല്ലാഹി സ്വല്ലല്ലാഹു അലയ്ഹിവസല്ലമാണ് - വിശുദ്ധ ഖുർആൻ - അത് തിളക്കമാർന്ന ഗ്രന്ഥവും എല്ലാ അറിവുകളുടേയും ജ്ഞാനങ്ങളുടേയും ഉൽഭവസ്ഥാനവും സന്മാർഗത്തിന്റെ പ്രകാശവും സമാധാനത്തിന്റെ സന്ദേശവുമാണ്- അയച്ചുകൊണ്ട് മനുഷ്യത്വത്തിനുമേൽ വളരെ വലിയ ഔദാര്യം ചെയ്തു. മനുഷ്യൻ അതിനെ പ്രയോജനപ്പെടുത്താതെ തങ്ങളെ നശിപ്പിക്കുന്ന സ്വർഥപരമായ നേട്ടങ്ങളുടെ അടിമയായിരിക്കുകയാണെങ്കിൽ അതിനെക്കാൾ വലിയ ദൗർഭാഗ്യം മറ്റെന്താകാനാണ്.

നബി(സ)തിരുമേനിയുടെ സത്യസേവകനോടൊപ്പം ബന്ധിപ്പിച്ചു നിറുത്തേണ്ടതും അനിവാര്യമാണ്. അപ്പോൾമാത്രമെ അറിവിന്റേയും വിജ്ഞാനത്തിന്റേയും ശരിയായ ഗ്രാഹ്യമുണ്ടാകുകയുള്ളു.

ഇന്ന് ഈ ജോലി വാഗ്ദത്ത മസീഹിന്റെ ജമാഅത്തിനാണ് ഏല്പിക്കപ്പെട്ടിട്ടുള്ളത്. **നമ്മൾ ഗാർഹികതലംമുതൽ അന്താരാഷ്ട്രതലംവരെ ഇതനുസരിച്ച് നമ്മുടെ പങ്കു വഹിക്കുന്നില്ലെങ്കിൽ** നമ്മളും സമാധാനത്തിലും ശാന്തിയിലുമിരിക്കുമെന്നതിന് ഒരു ജാമ്യവുമില്ല.

നമ്മുടെ ശത്രുക്കൾ എന്തുവേണമെങ്കിലും ചിന്തിച്ചുകൊള്ളട്ടെ. ചെയ്തുകൊള്ളട്ടെ. നമുക്ക് നബി(സ)തിരുമേനിയോടു സത്യസന്ധമായ സ്നേഹമുണ്ടെങ്കിൽ അവിടത്തെ അധ്യാപനം സ്വായത്തമാക്കുക. ലോകത്ത് പരത്തുകയും ചെയ്യുക.

ഇന്ന് ലോകത്തിന്റെ ശാന്തിക്കും സമാധാനത്തിനും ഇതു മാത്രമാണ് പരിഹാരം. വരികയും ശാന്തിയുടേയും സമാധാനത്തിന്റേയും പാഠം നല്കുന്ന ഈ മഹാനവർകളുമായി ചേർന്ന് ഇഹലോകത്തും പരലോകത്തും നമ്മുടെ സമാധാനത്തിനുള്ള സാമഗ്രികളൊരുക്കുക.

ജനങ്ങളുടെ ഉള്ളിൽ സത്യസന്ധമായ സാഹോദര്യബന്ധം ഉണ്ടാകാത്തിടത്തോളം സമാധാനം സ്ഥാപിതമാകുകയില്ല. യഥാർഥമായ സാഹോദര്യബന്ധം ഏകനായ ദൈവത്തെ വിശ്വസിക്കാത്തിടത്തോളം ഉണ്ടാകുകയുമില്ല.

നബി(സ)തിരുമേനിയുടെമേൽ ഇറങ്ങിയ സമ്പൂർണ ന്യായപ്രമാണത്തിൽ വിവരിച്ചിട്ടുള്ള അധ്യാപനങ്ങളുടെ വെളിച്ചത്തിൽ യഥാർഥവും സുസ്ഥിരവുമായ ലോകസമാധാന സംസ്ഥാപനത്തെ കുറിച്ചുള്ള ഉൽക്കാഴ്ച ഭരിതമായി വിവരണം.

ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് സ്വഭാവ സംസ്കരണം നടത്തി ലോകത്തിന് മനോഹരമായ മാതൃകയാകാൻ ജമാഅത്തംഗങ്ങൾക്ക് ഉപദേശം.

## ജർമനി അഹ്മദിയ്യ ജമാഅത്ത് 2022-ൽ സംഘടിപ്പിച്ച ജൽസാസാലനയിൽ സമാപന സമ്മേളനത്തിൽ ചെയ്ത അമീറുൽ മുഅ്മിനീന്റെ പ്രൗഢഗംഭീരമായ പ്രഭാഷണം

**(2022 ആഗസ്റ്റ് 21 ഞായറാഴ്ച ഐവാനെ മസ്‌റൂർ, ഇസ്‌ലാമാബാദ്, ടിൽഫോർഡ് യു.കെ)**

**വിവർത്തനം: മുഹമ്മദു ഇസ്മായീൽ ആലപ്പി**

അഹ്മദിയ്യ ജമാഅത്ത് ജർമനിക്ക് തങ്ങളുടെ ജൽസ സാലാന സംഘടിപ്പിക്കാൻ തൗഫീഖ് കിട്ടിയിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വളരെ വിശാലമായ നിലയിലാണ് നിങ്ങൾ ഈ ജൽസ സംഘടിപ്പിക്കുന്നത്. ആദ്യം കോവിഡ് എന്ന മഹാമാരി ലോകത്തെ വിഷമിപ്പിച്ചു. ഇപ്പോഴും ആ മഹാമാരിയുടെ പ്രയാസങ്ങൾ അവസാനിച്ചിട്ടില്ല. അപ്പോഴാണ് യുദ്ധങ്ങളുടെ അവസ്ഥ ലോകത്തെ അങ്ങേയറ്റം ഭയാനകമായ തിരിവിൽകൊണ്ടുവന്ന് നിറുത്തിയിരിക്കുന്നത്. ലോകത്തിന്റെ ഒരു ഭൂഭാഗവും പ്രതീക്ഷിക്കുന്ന ഈ യുദ്ധത്തിൽനിന്ന് സുരക്ഷിതമായി കാണുന്നില്ല. ഏകനായ അല്ലാഹുവിലേക്ക് മടങ്ങാത്തിടത്തോളം നാശത്തിൽനിന്ന് രക്ഷപ്പെടുകയുമില്ല.

ആദ്യമൊക്കെ യൂറോപ്പും പാശ്ചാത്യൻ രാജ്യങ്ങളും വികസിതരാഷ്ട്രങ്ങളും യുദ്ധത്തിന്റെ സ്ഥിതിഗതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന, കുഴപ്പങ്ങളുടെ സ്ഥിതിഗതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽനിന്നും രാജ്യങ്ങളുടെ നാശങ്ങളിൽനിന്നും തങ്ങൾ ആയിരക്കണക്കിന് മൈലുകൾ ദൂരത്താണെന്നും സുരക്ഷിതരാണെന്നുമാണ് കരുതിയിരുന്നത്. അവസ്ഥകൾ വളരെ മോശമാകുന്നു, ബോംബുകൾ വർഷിച്ചുകൊണ്ടിരിക്കുന്നു, ജനങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു, സ്ത്രീകൾ വിധവകളായിക്കൊണ്ടിരിക്കുന്നു, കുട്ടികൾ യത്തീമുകളായിക്കൊണ്ടിരിക്കുന്നു, ആളുകൾ വികലാംഗരായിക്കൊണ്ടിരിക്കുന്നു, ഇതെല്ലാം ഏഷ്യയിലും മധ്യപൗരസ്ത്യ നാടുകളിലും ദരിദ്രരാജ്യങ്ങളിലുമാണല്ലോ ഉണ്ടായിക്കൊണ്ടിരിക്കുന്നത് അതുകൊണ്ട് തങ്ങൾക്കെന്തു സംഭവിക്കാനാണെന്ന ചിന്താഗതിയായിരുന്നു ആദ്യമൊക്കെ അവർക്ക്! വികസിത രാഷ്ട്രങ്ങൾ ഈ രാജ്യങ്ങൾക്ക് ആയുധങ്ങൾ എത്തിച്ചുകൊണ്ടിരിക്കുന്നുവെന്നും തങ്ങളുടെ ആയുധങ്ങൾ വിറ്റുകൊണ്ടിരിക്കുന്നുവെന്നും ഇവർ മരിക്കുന്നെങ്കിൽ മരിച്ചോട്ടെ തങ്ങൾക്ക് അതുകൊണ്ടെന്തു വരാനാണെന്ന ചിന്താഗതിയായിരുന്നു അവർക്കുണ്ടായിരുന്നത്! ഈ അവസ്ഥകൾ തങ്ങൾക്കുമുണ്ടാകാമെന്ന കാര്യം അവർ മറന്നുപോയി. വികസനത്തിന്റെ അഹങ്കാരത്തിൽ അവരുടെ ബുദ്ധികൾ മരവിച്ചുപോയി. കണ്ണുകൾ അന്ധയായി. ഇപ്പോൾ സകലലോകവും കാണ്ടുകൊണ്ടിരിക്കുന്നത് ഏതൊരു കാറ്റിനെയാണോ തങ്ങൾ ഭയപ്പെട്ടുകൊണ്ടിരുന്നത് അത് യൂറോപ്പിലും യുദ്ധാവസ്ഥകൾ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നുവെന്നാണ്.

ഉക്രൈൻ കാരണത്താൽ റഷ്യയും നാറ്റോ (NATO) യിലെ രാജ്യങ്ങളും മുഖാമുഖം നില്ക്കുകയാണ്. അവസാനം വിജയം ആര് കരസ്ഥമാക്കുമെന്ന് അല്ലാഹുവാണ് നന്നായി അറിയുന്നവൻ. അല്ലെങ്കിൽ ഇരുഭാഗത്തും എത്ര നഷ്ടമുണ്ടാകുമെന്ന്! എന്നാൽ, അതിന്റെ ഫലങ്ങൾ വളരെ ഗുരുതരമായിരിക്കുമെന്നത് ദൃഢതരമായ കാര്യമാണ്. ഇപ്പോഴും ബുദ്ധിപൂർവം പ്രവൃത്തിക്കുന്നില്ലെങ്കിൽ അതിന്റെ അവസാനം വളരെ ഭയാനകമായിരിക്കും.

ഈ അവസരത്തിൽ നമ്മൾ കാണുന്നത് തായ്‌വാന്റെ പ്രശ്നവും തല പൊക്കിയിരിക്കുന്നതാണ്. ഇപ്പോൾ മുഴുലോകവും ഭയാനകമായ യുദ്ധത്തിന്റെ വക്കിൽ നില്ക്കുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇക്കാലത്തെ അല്ലാഹുവിന്റെ ദൂതൻ വളരെ ശക്തമായ നിലയിൽ മുന്നറിയിപ്പു നല്കിയിട്ടുള്ളതാണ്: "അല്ലയോ യൂറോപ്പേ! നീയും രക്ഷയിലല്ല. അല്ലയോ ഏഷ്യാ! നീയും സുരക്ഷിതയല്ല. അല്ലയോ ദ്വീപുകളിൽ വസിക്കുന്നവരേ! ഒരു ക്രിത്രിമ ദൈവവും നിങ്ങളെ സഹായിക്കുകയില്ല. നഗരങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനസമൃദ്ധമായ സ്ഥലങ്ങൾ ജനശൂന്യമാകുന്നതും ഞാൻ കാണുന്നു."(ഹഖീഖത്തുൽ വഹി, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 269)

ഈ മാർഗനിർദേശംകൊണ്ടാണ്, മുന്നറിയിപ്പുകൊണ്ടാണ്, warning കൊണ്ടാണ് അഹ്‌മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ഖലീഫമാർ ഇടക്കിടയ്ക്ക് ലോകത്തിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരുന്നത്. ഞാനും കുറെ കാലമായി ഇക്കാര്യത്തെ കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. നമ്മളെ സൃഷ്ടിച്ചിട്ടുള്ള ഏകനായ ദൈവത്തിലേക്ക് മടങ്ങുന്നില്ലെങ്കിൽ നാശം ഉറപ്പാണെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു.

നാശം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് കാലങ്ങളായി പറഞ്ഞുകൊണ്ടിരിക്കുന്നു. പരസ്പരമുള്ള നാശത്തിലായിരിക്കും അതിന്റെ അവസാന ഫലം. അതുകൊണ്ട് ബോധവാന്മാരാകുക. പക്ഷേ, അധികമാളുകളും ഇക്കാര്യം കേൾക്കുന്നുണ്ടെങ്കിലും, കേട്ടിരുന്നുവെങ്കിലും ഇപ്പോഴും കേൾക്കുന്നുണ്ടെങ്കിലും അവസ്ഥകൾ കുറച്ചു മോശമാണെന്ന് പറയുക മാത്രമാണ് ചെയ്യുന്നത്. ശരിതന്നെ! ഒരു പരിധിവരെ മോശംതന്നെയാണ്. എന്നാൽ, താങ്കൾ ചിത്രം വരച്ചു കാണിക്കുന്നതുപോലെ അത്ര മാത്രം ഭയാനകവും നിരാശാജനകവുമൊന്നുമല്ല. എന്നോടും ആളുകൾ പറഞ്ഞു, നമ്മുടെ ജമാഅത്തിലുള്ള ആളുകളോടും ജനങ്ങൾ പറഞ്ഞു. പക്ഷേ, ഉപരിപ്ലവമായിമാത്രം നോക്കി കണ്ടിരുന്ന ഇതേ ആളുകൾതന്നെ ഇപ്പോൾ അവസ്ഥകൾ വളരെ വഷളായിക്കൊണ്ടിരിക്കുന്നുവെന്നും ഏതു സമയത്തും ഭയാനകമായ യുദ്ധം പൊട്ടിപ്പുറപ്പെടാമെന്നും പറയാൻ തുടങ്ങിയിരിക്കുന്നു.

ഇപ്പോൾ ഇക്കാര്യങ്ങൾ ഗാഢമായ പര്യാലോചന നടത്തുന്നവരും(thinktank) നിരീക്ഷകന്മാരും പറയാൻ തുടങ്ങിയിരിക്കുകയാണ്. പക്ഷേ, അങ്ങനെയായിട്ടും സമാധാനം സ്ഥാപിക്കാനുള്ള പരിഹാരം അവരുടെ കൈയിലില്ല. സമാധാനത്തിന്റെ ഉറവിടത്തിലേക്ക് അവരുടെ ശ്രദ്ധതന്നെ ഇല്ലാതിരിക്കെ ഇതെങ്ങനെ ഉണ്ടാകാനാണ്? ഭൗതികതയിൽ ആണ്ടുകിടക്കുകയും മതാധ്യാപനങ്ങളെ മറന്നുകളയുകയും ചെയ്തിരിക്കുന്നു.

എവിടെയാണോ സമാധാനത്തിന് പരിഹാരമുള്ളത് അവിടെ ഈ അമുസ്‌ലിം ഭരണകൂടങ്ങൾ വരാനാഗ്രഹിക്കുന്നില്ല. ദൗർഭാഗ്യവശാൽ മുസ്‌ലിം ഭരണകൂടങ്ങളും വരാനാഗ്രഹിക്കുന്നില്ല.

ചില സ്ഥലങ്ങളിൽ നിരീക്ഷന്മാർ പറഞ്ഞുകൊണ്ടിരിക്കുന്നത് യുദ്ധം ഉണ്ടാകുന്ന അവസ്ഥയിൽ ഉണ്ടാവേണ്ട നാശം എങ്ങനെയുള്ളതായിരിക്കുമെന്നാൽ ഒരു അനുമാനമനുസരിച്ച് യുദ്ധത്തിന്നിടയിലും അതിനുശേഷമുള്ള രണ്ടുവർഷവും അണുവായുധം ഉപയോഗിക്കുന്ന കാരണത്താൽ ലോകത്തിന്റെ 68% ആളുകൾ ഭൂമുഖത്തുനിന്ന് ഉന്മൂലനം ചെയ്യപ്പെടുമെന്നാണ്. എങ്ങനെയുള്ള നാശവും തകർച്ചയുമുണ്ടാകുമെന്നാൽ അതു സങ്കല്പിക്കാൻ പോലും ആർക്കും കഴിയുകയില്ല. ഒരു സാധാരണക്കാരന് അത് ചിന്തിക്കാനെ സാധ്യമല്ല. അതിനാൽ വളരെ ഭയാനകമായ അവസ്ഥകളാണുള്ളത്.

അത്തരം ഘട്ടത്തിൽ പ്രതീക്ഷയുടെ കിരണവും സമാധാനത്തിന്റെ ജാമ്യവും നല്കാൻ ആർക്കെങ്കിലും സാധ്യമെങ്കിൽ സമാധാനത്തിന്റേയും ശാന്തിയുടേയും അധ്യാപനവുമായി അല്ലാഹു ലോകത്തയച്ച ഒരാൾക്കു മാത്രമെ കഴിയുകയുള്ളൂ. അദ്ദേഹം സമാധാനത്തിന്റെ ചക്രവർത്തിയാണ്. അല്ലാഹുവിന് എല്ലാ മനുഷ്യരെക്കാളും ഏറെ ഇഷ്ടപ്പെട്ട വ്യക്തി അദ്ദേഹമാണ്. അദ്ദേഹത്തിനുമേൽ സമ്പൂർണവും തികവുറ്റതും അവസാനത്തേതുമായ അല്ലാഹുവിന്റെ ശരീഅത്ത് ഇറങ്ങി. അതിന്റെ അധ്യാപനം അനുരക്തിയുടേയും സ്നേഹത്തിന്റേതുമാണ്. അദ്ദേഹം തന്റെ അല്ലാഹുവുമായുള്ള ബന്ധം കാരണത്താലും തന്നിലിറങ്ങിയ അധ്യാപനത്തെ ലോകത്ത് പരത്തുന്നതിനാലും ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനുള്ള ചിന്തയിലും അതിൽ കഠിനമായ വേദന തോന്നിയതുകൊണ്ടും തന്റെ ജീവിതം തളർത്തിയിരുന്നു. തന്റെ അവസ്ഥ ആ പരിധിവരെ കൊണ്ടെത്തിക്കുകയും വിഷമംകൊണ്ട് വിറകൊള്ളുകയും കരഞ്ഞുകരഞ്ഞു അല്ലാഹുവിനോടു ദുആകളിരക്കുകയും ചെയ്തു. അവസാനം അല്ലാഹു നബി(സ)തിരുമേനിയോടു പറഞ്ഞു, *ല അല്ലക്ക ബാഖിഉന്നഫ്സക്ക് അല്ലാ യകൂനൂ മുഅ്മിനീൻ* അവർ വിശ്വാസികളാകാത്ത കാരണത്താൽ(ദുഃഖംകൊണ്ട്)നീ നിന്റെ ജീവനെ നശിപ്പിച്ചേക്കുമോ!(26:4)

മനസ്സിൽ മനുഷ്യത്വത്തിനുവേണ്ടി വിഷമംവെച്ചു പുലർത്തുന്ന ആ സത്ത ഇതാണ്. അതായത് ജനങ്ങൾ തങ്ങളുടെ സ്രഷ്ടാവിലേക്ക് മടങ്ങണമെന്നും നാശത്തിൽനിന്ന് രക്ഷപ്പെടണമെന്നും അദ്ദേഹം അതിയായി ആഗ്രഹിച്ചു. തങ്ങളുടെ ലോകത്തേയും രക്ഷിക്കാൻ! തങ്ങളുടെ ആഖിറത്തിനേയും രക്ഷിക്കാൻ!എല്ലാ അധ്യാപനവുമടങ്ങിയ ഗ്രന്ഥം അദ്ദേഹത്തിന് പ്രദാനം ചെയ്യപ്പെട്ടു. മറ്റൊരു അധ്യാപനത്തിനും അതിനെ നേരിടാൻ കഴിയുകയില്ല. എങ്ങനെയുള്ള സമാധാനത്തിന് ജാമ്യം നല്കിയെന്നാൽ , അത് യഥാർഥത്തിൽ അല്ലാഹുവിൽനിന്ന് നല്കപ്പെട്ട ജാമ്യമാണ്. പക്ഷേ, ഖേദകരമെന്നു പറയട്ടെ മുസ് ലിമീങ്ങളും ആ അധ്യാപനം മറന്നുപോയി. ഈമാനിന്റെ വാമൊഴിയായ മുദ്രാവാക്യം മാത്രം മുഴക്കിക്കൊണ്ട് പരസ്പരം രക്തദാഹികളായിപ്പോയി. അതിനുവേണ്ടി അന്യരിൽനിന്ന് സഹായം തേടുകയും ചെയ്യുന്നു.

കലിമ ചൊല്ലുന്നവൻ കലിമ ചൊല്ലുന്നവനെ ദീനിന്റെ ശത്രുക്കളുടെ സഹായത്താൽ കൊന്നുകൊണ്ടിരിക്കുന്നു. മുസ്‌ലിമീങ്ങൾക്ക് ഇതിനെക്കാൾ വലിയ ദൗർഭാഗ്യം എന്തുണ്ടാകാനാണ്? മനോഹരമായ അധ്യേപനത്തേയും വേദന ഉൾക്കൊള്ളുന്ന റസൂലുനേയും പിൻപറ്റുന്നവരായിരുന്നിട്ടും അല്ലാഹുവിന്റെ വെറുപ്പ് വിലക്കുവാങ്ങുന്നു. ലോകത്ത് ശാന്തിയും സമാധനവും പ്രചരിപ്പിക്കുന്നതിനുപകരം അസാമാധാനം ഉണ്ടാക്കുന്നവരെന്ന പേരിൽ കുപ്രസിദ്ധരായിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം എന്തുകൊണ്ടാണെന്നാൽ, അല്ലാഹു ഇക്കാലത്ത് അയച്ച ശാന്തിയുടേയും സമാധാനത്തിന്റേയും രാജാവും ലോകത്ത് സമാധാനവും ശാന്തിയും പരത്തുന്നതിനുവേണ്ടി അയച്ച അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവന്റെ സേവകനും പറയുന്ന കാര്യങ്ങൾ കേൾക്കാൻ അവർ തയ്യാറാകുന്നില്ല. പറയുന്ന കാര്യങ്ങൾ കേൾക്കാനിഷ്ടപ്പെടുന്നില്ലെന്ന് മാത്രമല്ല പ്രത്യുത അവർ എത്രമാത്രം അതിരു കടന്നിരിക്കുന്നുവെന്നാൽ അദ്ദേഹത്തെ വിശ്വസിക്കുന്നവരുടെമേൽ കുഫ്ർ ഫത്‌വയും പുറപ്പെടുവിക്കുകയും അവരെ വധിക്കുന്നത് ഇസ്‌ലാമിനു ചെയ്യുന്ന സേവനമാണെന്നും പറയുകയും ഖാത്തമുൽ അമ്പിയാ ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)യോടുള്ള സ്നേഹത്തിന്റെ നിലവാരമായി മനസ്സിലാക്കുകയും ചെയ്യുന്നു. അഹ്‌മദികളുടെ ജീവിതംകൊണ്ട് കളിക്കുക എന്നത് അവരുടെ പക്കൽ പുണ്യകർമമാണ്. അത്തരം ആളുകൾക്ക് എങ്ങനെയാണ് ഇസ്‌ലാമിന്റെ സമാധാനത്തിന്റെ അധ്യാപനം ലോകത്ത് പരത്താൻ കഴിയുക! അഹോ കഷ്ടം! ഇവർ ചിന്തിച്ചിരുന്നെങ്കിൽ. അവരുടെ ഉലമാ, ദോഷകാരികളായ ഉലമ ആകുന്നതിനുപകരം ബുദ്ധിയും വിവേകവും പരത്തുന്നവരായിത്തീരട്ടെ! ഒരൊറ്റ ഉമ്മത്തായിക്കൊണ്ട് ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി(സ)യുടെ അധ്യാപനം ലോകത്ത് പരത്തുന്നവരായിത്തീരാൻ! നബി(സ)തിരുമേനിയുടെ സത്യസന്ധനായ സേവകനോടൊപ്പം ചേർന്ന് ലോകത്തിന് യഥാർഥമായ ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശമെത്തിക്കാൻ!

എന്തായാലും ഇതൊരു വേറിട്ടതും വിശദീകരണം അർഹിക്കുന്നതുമായ വിഷയമാണ്. ഇപ്പോൾ ഞാൻ നബി(സ)തിരുമേനിയുടെ അധ്യാപനം, ആ മഹാത്മാവിൽ ഇറങ്ങിയ ന്യായപ്രമാണം, അവിടത്തെ ശാന്തിയും സമാധാനവും പരത്തുന്ന അധ്യാപനം എന്നിവയെ ഉദ്ധരിച്ച് ആഗോള സമാധാനത്തെ കുറിച്ച് കുറച്ചു കാര്യങ്ങൾ പറയുന്നതായിരിക്കും. നബി(സ)തിരുമേനിയുടെ അധ്യാപനവും അവിടത്തെ ജീവിതമാതൃകയും എത്രമാത്രം വിശാലമാണെന്നാൽ അതെല്ലാം കുറഞ്ഞ സമയംകൊണ്ടു പറയുക എന്നത് സംഭാവ്യമെയല്ല. പക്ഷേ, ഞാൻ പറഞ്ഞതുപോലെ കുറച്ചു കാര്യങ്ങൾ പറയുന്നതാണ്.

അഹ്‌മദിയ്യ ജമാഅത്തിനെ കുറിച്ച് പൊതുവെ പറയപ്പെടുന്നത് നഊദു ബില്ലാഹ് നബി(സ)തിരുമേനിയെ നിന്ദിക്കുന്നവരും പരിഹസിക്കുന്നവരുമാണെന്നാണ്. അതാണ് പഠിപ്പിക്കുന്നതെന്നാണ്.പക്ഷേ, ഞങ്ങൾ യഥാർഥത്തിൽ നബി(സ) തിരുമേനിയുടെ അധ്യാനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരും നബി(സ)തിരുമേനിയെ അതിയായി സ്നേഹിക്കുന്നവരുമാണ്. ജമാഅത്തിന്റെ സാഹിത്യങ്ങൾ ഇതിനു സാക്ഷിയാണ്. ഓരോ വർഷവും ആയിരക്കണക്കിന് ഭാഗ്യശാലികൾ ഈ അധ്യാപനവും സ്നേഹവും കണ്ട് അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ചേരുന്നു. അന്യരും ഇതു പറയാൻ നിർബന്ധിതരാണ്, ഇസ്‌ലാമിന്റെ ഈ അധ്യാപനം എത്രമാത്രം സ്വാധീനം ചെലുത്തുന്നതും സ്നേഹവും സമാധാനവും പരത്തുന്നതുമായ അധ്യാപനമാണെന്നാൽ, ഇതാണ് ഇന്ന് ലോക സമാധാനത്തിനുള്ള ഒരേയൊരു പരിഹാരം.(തുടരും)

## ത്വാലിബെ ദുആ

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)**


## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM JAYGAM-WEST-BENGAL Phone: 97348 44732**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**(ബദ്ർ വാല്യം 7, ലക്കം 9, പേജ് 12, കോളം 12-ൽനിന്ന്)- 2015 ജൂൺ 05, വെള്ളിയാഴ്ച**

ലിത്വാനിയയിൽനിന്നു വന്ന രണ്ട് വനിത അതിഥികളായ ജുർജിതാ സാഹിബയും ഡെയ്മാന്റെ സാഹിബയും(Jurjita, Deimante) ഒരു ബിസിനസ് സ്കൂളിലെ അധ്യാപകരാണ്. അവർ പറയുന്നു: ഹുദൂർ വളരെ നല്ല വ്യക്തിത്വമാണെന്ന് മനസ്സിലാകുന്നു. അദ്ദേഹവുമായി കൂടിക്കാഴ്ചയും നടത്തി. വിവിധ കാര്യങ്ങളെ കുറിച്ച് സംഭാഷണം നടന്നു. വിവിധ ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി നല്കി. ഇസ്ലാമിൽ 4 വിവാഹം തുടങ്ങിയ വിഷയങ്ങളിൽ! അദ്ദേഹത്തിന്റെ തമാശകൾ വളരെ നല്ലതാണ്. മറുപടികൾ വളരെ ചിന്തനീയമായിരുന്നു. ഹൃത്തിടത്തിൽ സ്വാധീനം ചെലുത്തുന്നതായിരുന്നു. ജമാഅത്തിന്റെ അധ്യാപനം 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്നത് വളരെ ശ്രേഷ്ഠമായ ജ്ഞാനമാണ്. കാരണം, നല്ല കാര്യങ്ങൾ നല്ലതിനെതന്നെ ആകർഷിക്കുന്നു. ഇവിടുത്തെ സംവിധാനം വളരെ നല്ലതായിരുന്നു. ജനങ്ങൾ വളരെ നല്ലവരാണ്. ഓരോ കാര്യവും വ്യവസ്ഥാപിതമായിരുന്നു. ഇസ്ലാമിന്റെ യഥാർഥ അധ്യാപനം ഇവിടെ വന്നപ്പോഴാണ് നമുക്ക് മനസ്സിലായത്. എല്ലാ രൂപത്തിലും നമുക്കുവേണ്ടി ആതിഥ്യ മര്യാദകൾ പാലിക്കപ്പെട്ടു. എല്ലാ തരത്തിലുമുള്ള ആവശ്യങ്ങളെ കുറിച്ചും ശ്രദ്ധ നല്കപ്പെട്ടു. ഏതെങ്കിലും കാര്യത്തെ കുറിച്ച് ചിന്തിക്കുമ്പോൾത്തന്നെ ആവശ്യപ്പെടുന്നതിനു മുമ്പേ തയ്റാക്കപ്പെട്ടു. ഈ രൂപത്തിലുള്ള ഉന്നത നിലവാരം പുലർത്തിയ ആതിഥ്യത്തിന് ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു.

ഒരു ഇംഗ്ലീഷ് അധ്യാപകനായ എം മകാരിസ് സാവിസ് (M.Makaris Saviys) പറയുന്നു: ജൽസയിൽ പങ്കെടുക്കുന്നതിനു മുമ്പേ ഇസ്ലാം വളരെ കഠിനമായ മതമാണെന്ന് തോന്നിയിരുന്നു. ജൽസയുടെ ആദ്യനാളിൽതന്നെ ഇസ്ലാം വളരെ നല്ല മതമാണെന്നതുപോലെ തോന്നിത്തുടങ്ങിയിരുന്നു. മീഡിയയിൽ ഇസ്ലാമിനെ സംബന്ധിച്ച് തെറ്റായ വീക്ഷണം അവതരിപ്പിക്കപ്പെടുന്നു. നിങ്ങളുടെ ഖലീഫ ഇസ്ലാമിന്റെ യഥാർഥ ചിത്രം സമർപ്പിച്ചപ്പോൾ എനിക്ക് കാര്യം മനസ്സിലായി. ഇസ്ലാം എല്ലാത്തരം തീവ്രവാദത്തേയും അവസാനിപ്പിക്കുന്നു. സമകാലീന പ്രശ്നങ്ങളെ കുറിച്ച് നിങ്ങളുടെ ഖലീഫക്ക് അഗാധമായ കാഴ്ചപ്പാടുണ്ട്. ജിഹാദിനെ കുറിച്ചുള്ള ശരിയായ വീക്ഷണം ഇവിടെ വന്നതിനു ശേഷമാണ് നമുക്ക് മനസ്സിലായത്. ഇതര മുസ്ലിമീങ്ങൾ ജിഹാദിന് തെറ്റായ വ്യാഖ്യാനം നല്കുന്നു. വളരെയധികം കാര്യങ്ങൾ ഇവിടെ വന്ന് പഠിച്ചു.

ലിത്വാനിയ സംഘത്തിന്റെ ഈ കൂടിക്കാഴ്ച 09.20 വരെ തുടർന്നു. ഒടുവിൽ എല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് സായൂജ്യരായി. ഹുദൂർ അനുകമ്പയോടെ എല്ലാവർക്കും ഹസ്തദാനം ചെയ്തു. ഓരോ പേനയും നല്കി. ശേഷം ഹുദൂർ കുറച്ചു സമയത്തേക്ക് താമസസ്ഥലത്തു പോയി മടങ്ങി. 09.50ന് ജൽസാ ഗാഹിലെ പുരുഷന്മാരുടെ ഹാളിൽ ഹുദൂറിന്റെ ഇമാമത്തിൽ മഗ്രിബ് ഇശാ നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി നിർവഹിച്ചു.

**2015 ജൂൺ 06, ശനിയാഴ്ച**

രാവിലെ 04.30ന് ജൽസാ ഗാഹിൽ സ്വുബ്ഹി നമസ്കരിപ്പിച്ച ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി. രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ കത്തുകൾ പരിശോധിച്ചു. വിവിധ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ ഹുദൂർ മുഴുകി. ഇന്ന് ലജ്നാ ജൽസാ ഗാഹിൽ ഹുദൂറിന്റെ പ്രഭാഷണം നടക്കുന്ന ദിനമാണ്.

**ലജ്നാ ജൽസാ ഗാഹിലെ പ്രോഗ്രാം.**

ഇന്ന് ലജ്നാ ജൽസാ ഗാഹിൽ പ്രഭാത പരിപാടി 10.00 മണിക്ക് ഹദ്റത്ത് ബീഗം സാഹിബയുടെ അധ്യക്ഷതയിൽ നടന്നു. 12.00 മണി വരെയാണ് ഈ പരിപാടി നടന്നത്. ഈ സെഷനിൽ വിശുദ്ധ ഖുർആൻ തിലാവത്തും ഉർദു, ജർമൻ ഭാഷകളിൽ രണ്ട് പദ്യങ്ങളുടെ ആലാപനവും കൂടാതെ 3 പ്രസംഗങ്ങളും ഉണ്ടായിരുന്നു.12.00 മണിക്ക് ഹുദൂർ ലജ്നാ ജൽസാ ഗാഹിൽ വന്നു. ജർമൻ ലജ്നാ നാഷണൽ സ്വദ്റും നാളിമാ അത്ലാ തന്റെ ഡെപ്യൂട്ടി നാളിമാത്തിനോടൊപ്പം ഹുദൂർ അൻവറിനെ സ്വീകരിച്ചു. സ്ത്രീകൾ സ്നേഹോഷ്മളമായ മുദ്രാവാക്യം മുഴക്കി ഹുദൂറിന് സ്വാഗതമോതി. അസീസ ദുർറെഅജം ലോൺ സാഹിബയുടെ തിലാവത്തോടെ പരിപാടി ആരംഭിച്ചു. അസീസ ഹുമാ നൂറുൽ ഹുദാ ശാഹ് സാഹിബ ഉർദു തർജമ അവതരിപ്പിച്ചു. അസീസ ആഇശാ മഹ്മൂദ് സാഹിബ സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കവിത ആലപിച്ചു.

*ബാദയേ ഇർഫാൻ പിലാ ദേ,*
*ഹാ(ൻ) പിലാ ദേ ആജ് തൂ.*
*ചെഹ്രയേ സേബാ ദിഖാ ദേ,*
*ഹാ(ൻ) ദിഖാ ദേ ആജ് തൂ.*

(ആത്മീയജ്ഞാനത്തിന്റെ മദ്യം നീ കുടിപ്പിക്കുക. അതെ! ഇന്നു നീ കുടിപ്പിക്കുക. സുന്ദര മുഖത്തെ നീ കാണിക്കുക, അതെ! ഇന്ന് നീ കാണിക്കുക.)

ശേഷം വിദ്യാഭ്യാസരംഗത്ത് ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥിനികൾക്ക് ഹുദൂർ അൻവർ അവാർഡുകൾ സമ്മാനിച്ചു. ഹദ്റത്ത് ബീഗം സാഹിബ മദ്ദ ളില്ലഹൽ ആലി വിജയം കരസ്ഥമാക്കിയ വിദ്യാർഥിനികളെ പതക്കം അണിയിച്ചു. അവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.:

അദീല ജാവേദ് സാഹിബ. (സെക്കന്റ് സ്റ്റേറ്റ് എക്സാമിനേഷൻ ഇൻഡസ്ട്രി)

മദീഹ അഅ്വാൻ സാഹിബ: (സെക്കന്റ് സ്റ്റേറ്റ് എക്സാമിനേഷൻ ഇൻ ടീച്ചിംഗ്. 100% മാർക്ക്)

ഇംറാന നസ്ഹത്ത് ചൗദരി സാഹിബ. (സെക്കന്റ് സ്റ്റേറ്റ് എക്സാമിനേഷൻ ഇൻ ടീച്ചിംഗ്. 91% ശതമാനം മാർക്ക്)

മദീഹാ റാണാ സാഹിബ (സെക്കന്റ് സ്റ്റേറ്റ് എക്സാമിനേഷൻ ഇൻ ടീച്ചിംഗ്. 91% മാർക്ക്)

ദുർറെ അജം ലോൺ സാഹിബ. (സെക്കന്റ് സ്റ്റേറ്റ് എക്സാമിനേഷൻ ഇൻ ടീച്ചിംഗ്. 90% മാർക്ക്.)

ആസിയ പർവേസ് സാഹിബ. (ഡോക്ടർ ഓഫ് മെഡിസിൻ. 100% മാർക്ക്)

ഹന്ന അസീസ് സാഹിബ മാസ്റ്റർ ഓഫ് എക്ണോമിക്സ് (പാക്കിസ്താൻ) 94% ഗോൾഡ് മെഡൽ)

സുന്ദുസ് ഫാത്വിമാ മിർസാ സാഹിബ. (മാസ്റ്റർ ഓഫ് സയൻസ് ഇൻ കെമിക്കൽ എഞ്ചിനീയറിംഗ്, GPA 3.7 out of 4)

ഇംറാന സ്വബാഹത്ത് അഹ്മദ് സ്വാഹിബ. (മാസ്റ്റർ ഓഫ് സയൻസ് ഇൻ ടെക്നോളജി 91% മാർക്ക്)

ആലിയാ ഹന്നാ മലിക്ക് സ്വാഹിബ.(Magister Artium in Ethnology, 91% മാർക്ക്)

സനൂബിയാ ഇഫത്ത് സാഹിബ. (സ്പെയിൻ) (മാസ്റ്റർ ഇൻ ട്രാൻസിലേഷൻ(സ്പെയിൻ)91% മാർക്ക്)

ഥനാ ഭട്ടി അഹ്മദ് സാഹിബ. (മാസ്റ്റർ ഓഫ് ആർട്സ് ഇൻ ഇന്റർനാഷണൽ ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ ഇൻ ഫോറിൻ ട്രേഡ് 90% മാർക്ക്.)

അത്വിയ്യാ ളഫ്ര് സ്വാഹിബ. (മാസ്റ്റർ ഓഫ് സയൻസ് ഇൻ മാനേജ്മെന്റ് & മാർക്കറ്റിംഗ്. 88% മാർക്ക്)

അമത്തുർ റഫീഖ് അത്വാൽ സ്വാഹിബ. (മാസ്റ്റർ ഓഫ് സയൻസ് ഇൻ ഫിനാൻസ് & അക്കൗണ്ടിംഗ് 87% മാർക്ക്)

ഏമശേ കലീം സാഹിബ (മാസ്റ്റർ ഓഫ് സയൻസ് ഇൻ മാനേജ്മെന്റ് & ഫിനാൻസ് 87% മാർക്ക്)

ആയിനത്തുൽബുശ്റാ മലിക് സാഹിബ(മാസ്റ്റർ ഓഫ് സയൻസ് ഇൻ പ്രൊസിസ് & കെമിക്കൽ എഞ്ചിനിയറിംഗ് 85% മാർക്ക്)

തസ്മിയാ ഘോഘർ സ്വാഹിബ. (മാസ്റ്റർ ഓഫ് സയൻസ് എഞ്ചിനിയറിംഗ് ബയോമെഡിക്കൽ 85% മാർക്ക്)

ഫായിസാ ഫെറോസ് സ്വാഹിബ. (മാസ്റ്റർ ഓഫ് സയൻസ് ഇൻ സോഷ്യോളജി,(പാക്കിസ്താൻ) (GPA 3.6 out of 4)

### • ഹദീഥുന്നബ്വി(സ): •

നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'(തിർമുദി, അബ്വാബുദ്ദഅ്വാത്ത്)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

### • കലാമുൽ ഇമാം •

'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാല്യം 3, പേജ് 38)

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ · Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 06 April 2023 Issue-14

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ശായിസ്ത അൻദലീബ് സ്വാഹിബ. (പാക്കിസ്താനിലെ മാസ്റ്റർ ഓഫ് ഫിലോസഫി ഇൻ ഫിസിക്സ് (പാക്കിസ്താൻ) (GPA 3.32 out of 4)

നബീല റഊഫ് നാസ് സ്വാഹിബ. മാസ്റ്റർ ഓഫ് ഫിലോസഫി ഇൻ അനാലിറ്റിക്കൽ കെമിസ്ട്രി(പാക്കിസ്താൻ) (GPA 3.30 out of 4)

മസറത്ത് സ്വബ സ്വാഹിബ. മാസ്റ്റർ ഓഫ് കോമേർസ്(പാക്കിസ്താൻ) (GPA 3.70 out of 4).

ശാസിയാ നസ്വീർ സ്വാഹിബ. മാസ്റ്റർ ഓഫ് ഫിലോസഫി ഇൻ ഫിസിക്കൽ കെമിസ്ട്രി(പാക്കിസ്താൻ) (GPA 3.37 out of 4).

ബുശ്റാ നിയാസ് സ്വാഹിബ. മാസ്റ്റർ ഓഫ് ഫിലോസഫി ഇൻ എഡ്യുക്കേഷൻ(പാക്കിസ്താൻ)(GPA 3.34 out of 4)

ഫർഹത്ത് ബാനു റാണാ സ്വാഹിബ. മാസ്റ്റർ ഓഫ് സയൻസ് ഇൻ ഫിസ്ക്സ് (പാക്കിസ്താനിൽ) 888 points out of 1200)

ശാസിയാ ശഫീഖ് സ്വാഹിബ. മാസ്റ്റർ ഓഫ് സയൻസ് ഇൻ ഫിസിക്സ് (പാക്കിസ്താൻ) 78% മാർക്ക്.

സ്വബീഹ നാസ് ഖുറയ്ശി സാഹിബ(ബാച്ചലർ ഓഫ് ആർട്സ് ഇൻ വേൾഡ് ബിസിനസ്സ് സ്റ്റഡി 95% മാർക്ക്.)

സ്വായിമാ ഇൽയാസ് സ്വാഹിബ(ബാച്ചലർ ഓഫ് ആർട്സ് ബിസിനസ് അഡ്മിനിസ്ട്രേഷൻ 93% മാർക്ക്.)

ഥൗബിയാ മുഹ്യിദ്ദീൻ സ്വാഹിബ(ബാച്ചലർ ഓഫ് കമ്പ്യൂട്ടർ സയൻസ് 91% മാർക്ക്.)

Miss Svea Grafe ബാച്ചലർ ഓഫ് ആർട്സ് ഇൻ ഇംഗ്ലീഷ് 90% മാർക്ക്.)

മാരിയാ ശുഅയ്ബ് സാഹിബ(ബാച്ചലർ ഓഫ് ആർട്സ് ഇൻ സോഷ്യൽ സയൻസ് 89% മാർക്ക്.)

മദീഹാ ഇൽയാസ് സ്വാഹിബ(ബാച്ചലർ ഓഫ് ആർട്സ് ഇൻ സൈക്കോളി 89% മാർക്ക്.)

അനീല അഹ്മദ് സ്വാഹിബ(ബാച്ചലർ ഓഫ് ആർട്സ് ഇൻ ലാംഗ്വേജ് & കൽച്ചറൽ സയൻസ് 89% മാർക്ക്.)

മലീഹ മഹ്മൂദ് സ്വാഹിബ(ബാച്ചലർ ഓഫ് ആർട്സ് ഇൻ ഓൺലൈൻ ജേർണലിസം.89% മാർക്ക്.)

അൻഉം ഖമർസ്വാഹിബ(ബാച്ചലർ ഓഫ് ഓണേഴ്സ് ഇൻ ലാഗ്വേജ് ലിറ്ററേച്ചർ&കൽച്ചറൽ 89% മാർക്ക്.)

അൻഉം അഹ്മദ് സാഹിബ(ബാച്ചലർ ഓഫ് സയൻസ് ഇൻ യൂറോപ്യൻ പബ്ലിളിക് ഹെല്ത്ത് 89% മാർക്ക്.)

മാഇദാ അഹ്മദ് സ്വാഹിബ(ബാച്ചലർ ഓഫ് ആർട്സ് എജ്യൂക്കേഷണൽ സയൻസ്. 88% മാർക്ക്.)

ഖുർറത്തുൽ അയ്ൻ അൻവർ സ്വാഹിബ(ബാച്ചലർ ഓഫ് ആർട്സ് ഇൻ ബിസിനസ് അഡ്മിനിസ്ട്രേഷൻ. 88% മാർക്ക്.)

നൂറുദ്ദീൻ മെഹ്ർ വ അഹ്മദ് സ്വാഹിബ(ബാച്ചലർ ഓഫ് ആർട്സ് ഇൻ മെഡിക്കൽ കമ്പ്യൂട്ടർ സയൻസ് ആർട്സ് 87% മാർക്ക്.)

മദീഹ അഹ്മദ് സ്വാഹിബ(ബാച്ചലർ ഓഫ് ആർട്സ് ഇന്റർനാഷണൽ ഹ്യൂമൻ റിസോഴ്സസ് & മാനേജ്മെന്റ് ഓർഗനൈസേഷൻ 87% മാർക്ക്.)

രിള്വാനാ അഞ്ചും റഊഫ് സാഹിബ(ബാച്ചലർ ഓഫ് ആർട്സ് ഇൻ ഇസ്‌ലാമിക് റലീജ്യൺ 87% മാർക്ക്.)

നിദാഉന്നാസിര് അഹ്മദ് ഔലേഖ് സ്വാഹിബ (ബാച്ചലർ ഓഫ് ആർട്സ് എജ്യൂക്കേഷണൽ സയൻസ്. 86% മാർക്ക്.)

അനീല അഹ്മദ് സ്വാഹിബ(ബാച്ചലർ ഇൻ മെക്കനിക്കൽ എഞ്ചിനീയറിംഗ് 85% മാർക്ക്.)

സിദ്റാ യൂനുസ് സ്വാഹിബ(ബാച്ചലർ ഓഫ് സയൻസ് ഇൻ എയറോനോട്ടിക്കൽ എഞ്ചിനീയറിംഗ് (ദുബായ്) GPA 2.96 out of 4)

മലീഹ ഇറം സ്വാഹിബ(ബി.എസ് ഓണേഴ്സ് മൈക്രോ ബയോളജി & മോളിക്കുലാർ ജെനെറ്റിക്(പാക്കിസ്താൻ) പഞ്ചാബ് യൂണിവേഴ്സിറ്റി)

നവേദുൽ ഫലാഹ അഹ്സൻ സാഹിബ(ബി എസ് ഫോസ് സയൻസ്& ടെക്നോളജി(പാക്കിസ്താൻ)GPA 3.94 out of 4)

ഫറൂഹ് യൂസുഫ് സ്വാഹിബ(ആബി ടവർ 100% മാർക്ക്.)

സുന്ദുസ് ഹന്നാ അഹ്മദ് സ്വാഹിബ(ആബി ടവർ 99% മാർക്ക്.)

നാദിയാ മഹ്മൂദ് ചീമ സ്വാഹിബ(ആബി ടവർ 99% മാർക്ക്.)

രിദാ അഹ്മദ് സ്വാഹിബ(ആബി ടവർ 97% മാർക്ക്.)

ഗുൽഷൻ ശഹ്സാദി സാജിദ് സ്വാഹിബ(ആബി ടവർ 94% മാർക്ക്.)

അമ്മാറ അഹ്മദ് സ്വാഹിബ(ആബി ടവർ 93% മാർക്ക്.)

ഥംരീൻ ജാവേദ് ഡാർ സ്വാഹിബ(ആബി ടവർ 99% മാർക്ക്.)

ബാസ്മാ റാണാ സ്വാഹിബ(അഡ്വാൻസ് കോളേജ് എൻട്രൻസ് ക്വാളിഫിക്കേഷൻ 93% മാർക്ക്.)

അൻഉം ഖാൻ സാഹിബ(അഡ്വാൻസ് കോളേജ് എൻട്രൻസ് ക്വാളിഫിക്കേഷൻ 97% മാർക്ക്.)

ബുശ്റാ ഇഖ്ബാൽ സാഹിബ(ഒ ലെവൽ 97% മാർക്ക്.)

ഫാഖിറ ശാഹീൻ മലിക്ക് സ്വാഹിബ(ഒ ലെവൽ 97% മാർക്ക്.)

അവാർഡ് ദാനത്തിനുശേഷം ഹുദൂർ അൻവർ സ്ത്രീകളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. (ബദ്ർ പത്രം ഉർദു 2015 ജൂലായ് 23-30)

**(തുടരും)**




**(പേജ് 1ൽനിന്ന്)**

ഈ പഴഞ്ചൊല്ല് അതു നല്ലവണ്ണം പ്രകടിപ്പിക്കുന്നു: 'ചെയ്യുക ചെയ്യിക്കുക, ഏറ്റുന്നവൻ സഹായിക്കുകയും ചെയ്യുക.' ഈ വെളിപ്പെടലാണ് ഇസ്‌ലാമിനോടൊപ്പമുണ്ടായത്. ഇസ്‌ലാം ദൈവത്തിന്റെ മടിയിലെ കുഞ്ഞിനെപോലെയാണ്. അതിന്റെ എല്ലാ പ്രവൃത്തികളും ശരിയാക്കുന്നവനും എല്ലാ ആവശ്യങ്ങളും എത്തിച്ചുകൊടുക്കുന്നവനും ദൈവംതന്നെയാണ്. ഒരു സൃഷ്ടിയുടേയും ഔദാര്യം അതിന്റെ കഴുത്തിലില്ല. 'റഹീം' എന്നതും അതുപോലെതന്നെയാണ്. അത് അധ്വാനങ്ങളെ പാഴാക്കിക്കളയുന്നില്ല. അധ്വാനിച്ചുകൊണ്ടേയിരിക്കുകയും പരാജയപ്പെട്ടുകൊണ്ടേയിരിക്കുകയും ചെയ്യുക എന്നതാണ് അതിന്റെ വിപരീതം. നബി(സ)തിരുമേനിയോടുള്ള റഹീമിയ്യത്തിന്റെ പ്രകടനം നോക്കുക. എത്ര വ്യക്തമായ നിലയിലാണുണ്ടായത്. വിജയം കരസ്ഥമാക്കാത്ത ഒരു യുദ്ധവും ഉണ്ടായില്ല. അല്പം ജോലി ചെയ്ത് അധികം പ്രതിഫലംപറ്റി. മിന്നൽപിണർപോലെ വിജയങ്ങൾ തിളങ്ങി. ശാമിന്റെ വിജയങ്ങളും മിസ്വ്റിന്റെ വിജയങ്ങളും മാത്രം നോക്കുക. നമ്മുടെ നബി(സ)തിരുമേനിയെപോലെ ശരിയായ അർഥങ്ങളിൽ ഇപ്രകാരം വിജയം കരസ്ഥമാക്കിയ ഒരു മനുഷ്യനും ചരിത്രത്തിന്റെ ഏടുകളിലില്ല. (മൽഫൂദാത്ത് വാള്യം 1, പേജ് 454, പ്രസാധനം ഖാദിയാൻ 2018)

## വിഷയേച്ഛകൾക്ക് വശംവദനായവൻ നഷ്ടത്തിലാണ്

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)പറയുന്നു:''അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് അഭിപ്രായം തേടുമെന്ന് നമ്മൾ തീരുമാനിച്ചാൽ നമുക്ക് തീർച്ചയായും അഭിപ്രായം കിട്ടും. എന്നാൽ, വിഷയേച്ഛകൾക്ക് വശംവദനായവൻ നഷ്ടത്തിലാകുകതന്നെ ചെയ്യും. ചിലപ്പോൾ അവൻ ഇവിടെതന്നെ പിടിക്കപ്പെടും. അതുകൊണ്ട് അല്ലാഹു പറയുന്നു: എന്നോട് സംസാരിക്കുകയും എന്നോടൊപ്പം നടക്കുകയും ചെയ്യുന്ന വലിയ്യ് അതിൽ ലയിച്ചിരിക്കുകയാണ്. ലയനത്തിൽ എത്രകണ്ട് കുറവു വരുന്നുവോ അത്രകണ്ട് അവൻ അല്ലാഹുവിൽനിന്നകലെയാണ്. എന്നാൽ, അല്ലാഹു പറഞ്ഞതു പ്രകാരമുള്ള ലയനമാണെങ്കിൽ പിന്നെ അവന്റെ ഈമാന് അളവില്ല. അവനെ പിന്തുണച്ചുകൊണ്ട് അല്ലാഹു പറയുന്നു: *മൻ ആദ ലീ വലിയ്യൻ ഫഖദ് ആദൻതുഹൂ ബിൽഹർബി*(അൽഹദീഥ്)എന്റെ വലിയ്യോടുപോരാടുന്നവൻ എനിക്കെതിരെ പോരാടുന്നവനാണ്. മുത്തഖിയുടെ സ്ഥാനം എത്രമാത്രം ഉന്നതമാണെന്ന് ഇനി നിങ്ങൾ നോക്കുക. അവന്റെ സാമീപ്യം അല്ലാഹുവിന്റെ തിരുസന്നിധിയിൽ എന്താണെന്നുവെച്ചാൽ, അവനെ ബുദ്ധിമുട്ടിക്കുകയെന്നാൽ അത് അല്ലാഹുവിനെ ബുദ്ധിമുട്ടിക്കലായിത്തീരുന്നു. ആ സ്ഥിതിയിൽ അല്ലാഹു അവന്റെ എത്ര വലിയ സഹായിയായിരിക്കും?'' **(മൽഫൂദാത്ത് വാള്യം 1 പേജ് 8-10)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin